VOL NO: 10 I ISSUE 40

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com

2026 OCTOBER 03 I ₹10



# മുസ്‌ലിം സമുദായം; ഉയർച്ചയും പതനവും

ചരിത്രമെന്നത് ഗൃഹാതുരതയെ
തടവിയുണർത്താനുള്ള വടുക്കളല്ല.
വർത്തമാനകാലത്തെ തിരുത്താനും
ഭാവി പണിയാനുമുള്ള ഇന്ധനമാണത്.
ഓർമകളുടെ തടവറകളിലല്ല
യാഥാർഥ്യങ്ങളുടെ ഉണർവിലാണ്
സമുദായത്തിന്റെ അതിജീവനം
സാധ്യമാവുക.

## ജനാധിപത്യത്തെ കശാപ്പു ചെയ്യുന്ന തെരഞ്ഞെടുപ്പു കമ്മീഷൻ

## ജമാഅത്തെ ഇസ്‌ലാമിയും സ്വതന്ത്രാന്വേഷകന്റെ നോട്ടവും

## വന്ദേമാതരം; സുപ്രീം കോടതിയുടെ ഇടപെടൽ ആശാവഹം

റൈഹാൻ ഷഹീദ് ● ഡോ.കെ സലീല കോട്ടക്കൽ ● ടി.കെ അഷ്‌റഫ്




**നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.**

**ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.**

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

506

# നേർപഥം വാരിക

2026 ഒക്ടോബർ 03
1448 റബീഉൽ ആഖിർ 22
പുസ്തകം 10 / ലക്കം 40

Managing Editor:
**Nasir Balusseri**

Editor:
**Usman Palakkazhi**

Chief Editor:
**Anil Primrose**

Cover:
**Anil**

Design & Layout:
**Musthafa Mannarottil**

Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**

Printed at :
**Sprint Offset Printers, Kozhikode**

Published at :
**Kozhikode - 673 002**






കവർ സ്റ്റോറി



10 **മുസ്‌ലിം സമുദായം; ഉയർച്ചയും പതനവും**

റൈഹാൻ ഷഹീദ്

ചരിത്രമെന്നത് ഗൃഹാതുരതയെ തടവിയുണർത്താനുള്ള വടുക്കളല്ല. വർത്തമാനകാലത്തെ തിരുത്താനും ഭാവി പണിയാനുമുള്ള ഇന്ധനമാണത്. ഓർമകളുടെ തടവറകളിലല്ല യാഥാർഥ്യങ്ങളുടെ ഉണർവിലാണ് സമുദായത്തിൻെറ അതിജീവനം സാധ്യമാവുക.

04 നിരീക്ഷണം
വന്ദേമാതരം;സുപ്രീം കോടതിയുടെ ഇടപെടൽ ആശാവഹം
ടി.കെ അശ്റഫ്

05 മുഖമൊഴി
ജനാധിപത്യത്തെ കശാപ്പുചെയ്യുന്ന തെരഞ്ഞെടുപ്പു കമ്മീഷൻ

06 ലേഖനം
ശത്വഹും ആത്മീയ ഉന്മാദവും
മുഹമ്മദ് ഫയാസ്, നാദാപുരം

09 ബാലപഥം
നേർപഥം
ഉമ്മു അദ്നാൻ, ബഹ്റൈൻ
വേറെയാര്?
മൊയ്തു ഉളിക്കൽ

18 വിമർശനം
ജമാഅത്തെ ഇസ്‌ലാമിയും സ്വതന്ത്രാന്വേഷകന്റെ നോട്ടവും
മൂസ സ്വലാഹി കാര

22 ആരോഗ്യപഥം
ഗർഭാശയമുഖ ക്യാൻസർ: വാക്സിൻ രംഗത്തെ പുതിയ പ്രതീക്ഷകൾ
ഡോ. സലീല കെ, കോട്ടക്കൽ

24 കഥ
തിരികെ വരുമോ?
നസീമ വാടാനപ്പള്ളി

26 പഠനം
ഇമാം പ്രവാചകനും മീതെയോ?
ഡോ. ടി. കെ. യൂസുഫ്

29 ചരിത്രപഥം
ശിഅ്ബു അബീത്വാലിബ്: വിശ്വാസം വിശപ്പിനെ അതിജീവിച്ച മലഞ്ചെരിവ്
ഡോ. സി മുഹമ്മദ് റാഫി, ചെമ്പ്ര

32 ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറ:അശ്ശുഅറാഅ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

34 കവിത
കുടുംബം
ഷാനിബ എ.സി, വടക്കേക്കാട്



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# വന്ദേമാതരം;
## സുപ്രീം കോടതിയുടെ ഇടപെടൽ ആശാവഹം

ടി.കെ അശ്റഫ്
ജനറൽ സെക്രട്ടറി, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ
: 81118 07199

വന്ദേമാതരം നിർബന്ധമാക്കുന്നതുമായി ബന്ധപ്പെട്ട കേസിൽ സുപ്രീം കോടതിയുടെ ഭാഗത്തുനിന്നുണ്ടായ പോസിറ്റീവായ ഇടപെടലിനെയും നിരീക്ഷണങ്ങളെയും ഹൃദ്യമായി സ്വാഗതം ചെയ്യുന്നു. പൗരാവകാശങ്ങൾക്കും ഭരണഘടനാമൂല്യങ്ങൾക്കും മേൽ കടന്നുകയറാനുള്ള ശ്രമങ്ങൾ നടക്കുമ്പോൾ പരമോന്നത കോടതിയിൽനിന്നുണ്ടാകുന്ന ഇത്തരമൊരു ഇടപെടൽ ഏറെ പ്രതീക്ഷ നൽകുന്നതാണ്.

എന്നാൽ, വാക്കാലുള്ള ഇത്തരം നിരീക്ഷണങ്ങൾക്കപ്പുറം ഈ വിഷയത്തിൽ സുപ്രീം കോടതി സ്വീകരിക്കേണ്ട സമീപനത്തെക്കുറിച്ച് നിർണായകമായ ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. 'കേസെടുക്കില്ല എന്നു പ്രതീക്ഷിക്കാം' എന്ന തരത്തിലുള്ള ഉപദേശ ശൈലിയോ ലളിതമായ പരാമർശങ്ങളോ അല്ല ഭരണഘടനാ സ്ഥാപനങ്ങളിൽനിന്ന് രാജ്യം ആഗ്രഹിക്കുന്നത്. മറിച്ച്, സർക്കാരുകളുടെ ഭരണഘടനാവിരുദ്ധമായ നീക്കങ്ങൾക്കെതിരെ സുപ്രീം കോടതിയുടെ അധികാരവും ശക്തിയും കൃത്യമായ 'ഉത്തരവ്' (Directive Order) ആയിത്തന്നെ പുറത്തുവരേണ്ടതുണ്ട്. 'മൗലികാവകാശത്തിനു ചേരാത്ത കാര്യങ്ങളുടെ പേരിൽ പൗരന്മാർക്കെതിരെ കേസെടുക്കാൻ പാടില്ല എന്ന വ്യക്തവും ശക്തവുമായ വിധിതന്നെയാണ് ഉണ്ടാകേണ്ടത്.

അതോടൊപ്പം, ഭരണകൂടങ്ങൾ തങ്ങളുടെ അധികാരം ഉപയോഗിച്ച് പൗരന്മാരുടെ മേൽ അവരവരുടെ വിശ്വാസങ്ങൾക്കും സംസ്കാരത്തിനും യോജിക്കാത്ത കാര്യങ്ങൾ നിർബന്ധപൂർവം അടിച്ചേൽപിക്കാൻ ശ്രമിക്കുന്ന എല്ലാ നിയമങ്ങളും നിയമനിർമാണങ്ങളും അടിയന്തരമായി പുനഃപരിശോധിക്കപ്പെടേണ്ടതുണ്ട്.

തങ്ങൾക്ക് അധികാരമുള്ള മേഖലകളിൽ പ്രോട്ടോക്കോളിന്റെ പേരുപറഞ്ഞ് ഇതു നിർബന്ധമാക്കാൻ കേന്ദ്രസർക്കാർ ശ്രമിച്ചതും, കേരളത്തിൽ ഗവർണറുടെ നിലപാടിനു മുമ്പിൽ സംസ്ഥാന സർക്കാരിന് പോലും നിന്നുകൊടുക്കേണ്ടി വന്നതും ഇതിന്റെ വ്യക്തമായ ഉദാഹരണമാണ്. അധികാരമുള്ളവർക്ക് ജനങ്ങളെ സമ്മർദത്തിലാക്കാൻ ഇത്തരം നിയമങ്ങൾ പഴുതുകളുണ്ടാക്കുന്നു എന്നത് ഗുരുതരമായ വിഷ യമാണ്.

1986ലെ ബിജോയ് ഇമ്മാനുവൽ കേസ് മുൻനിർത്തി, മതവിശ്വാസത്തിന്റെ പേരിൽ വിട്ടുനിന്നാൽ കേസെടുക്കാനാവില്ലെന്ന കോടതി നിരീക്ഷണവും, ഹർജിക്കാരനെ 'നക്സലൈറ്റ്' എന്നു വിശേഷിപ്പിച്ച കേന്ദ്ര നിലപാടിനെതിരായ വിമർശനവും ആശ്വാസകരമാണ്. സ്കൂളിൽ ദേശീയഗാനം പാടാത്തതിന്റെ പേരിൽ വിദ്യാർഥികളെ പുറത്താക്കിയതുമായി ബന്ധപ്പെട്ട ചരിത്രപ്രസിദ്ധമായ 'ബിജോയ് ഇമ്മാനുവൽ' കേസ് വിധി ഇപ്പോഴും പ്രസക്തമാണെന്ന് കോടതി ചൂണ്ടിക്കാട്ടുകയുണ്ടായി. ആദരവോടെ നിൽക്കുകയും എന്നാൽ പാടാതിരിക്കുകയും ചെയ്യുന്നത് കുറ്റകരമല്ല എന്ന തത്ത്വം ഇവിടെയും ബാധകമാണ്. ദേശീയ ഗീതത്തെയും ദേശീയ ചിഹ്നങ്ങളെയും ബഹുമാനിക്കേണ്ടത് പ്രധാനമാണെങ്കിലും, മതപരമോ വ്യക്തിപരമോ ആയ കാരണങ്ങളാൽ വന്ദേമാതരം ആലപിക്കാത്തവർക്കുമേൽ ക്രിമിനൽ കുറ്റം ചുമത്തി ശിക്ഷിക്കാൻ കഴിയില്ല എന്നതാണ് സുപ്രീം കോടതിയുടെ സുപ്രധാന നിലപാട്.

കേസ് കൂടുതൽ പരിഗണിക്കുമ്പോൾ ഭരണഘടനയുടെ മതേതരമൂല്യങ്ങളും പൗരാവകാശങ്ങളും സംരക്ഷിക്കുന്ന അന്തിമവും ശക്തവുമായ ഉത്തരവുതന്നെ ഉണ്ടാകുമെന്ന് നമുക്ക് പ്രത്യാശിക്കാം. അതിനായി ജനാധിപത്യസമൂഹത്തിന്റെ ജാഗ്രത തുടരേണ്ടതുണ്ട്.

# ജനാധിപത്യത്തെ കശാപ്പുചെയ്യുന്ന തെരഞ്ഞെടുപ്പു കമ്മീഷൻ

ഇന്ത്യൻ ജനാധിപത്യത്തിന്റെ നട്ടെല്ലായി നിലകൊള്ളേണ്ട കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷൻ വീണ്ടും അതിരൂക്ഷമായ വിമർശനങ്ങളുടെയും വിവാദങ്ങളുടെയും കേന്ദ്രബിന്ദുവായി മാറിയിരിക്കുകയാണ്. ഭരണഘടനാ സ്ഥാപനങ്ങളുടെ സ്വയംഭരണാധികാരവും നിഷ്പക്ഷതയും നേരിടുന്ന വെല്ലുവിളികളെച്ചൊല്ലി രാജ്യത്തുടനീളം വലിയ ആശങ്കയുയരുമ്പോൾ, അത് വെറുമൊരു രാഷ്ട്രീയ ആരോപണം മാത്രമായി തള്ളിക്കളയാനാവില്ല.

വോട്ടർ പട്ടികയുടെ പ്രത്യേക തീവ്ര പരിശോധനയുമായി (SIR) ബന്ധപ്പെട്ട് കമ്മീഷനുള്ളിൽ തന്നെ ഉടലെടുത്ത അഭിപ്രായ വ്യത്യാസങ്ങൾ അടുത്തിടെ പുറത്തുവന്നത് സ്ഥാപനത്തിന്റെ പ്രവർത്തന രീതിയിലെ സുതാര്യതയില്ലായ്മ വെളിവാക്കുന്നതാണ്. പ്രക്രിയകളിലെ ഏകപക്ഷീയ സമീപനത്തെയും വോട്ടർമാരുടെ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിലെ തിരിമറികളെയും ചോദ്യം ചെയ്ത് കമ്മീഷനിലെ അംഗങ്ങൾ തന്നെ രംഗത്തുവന്നു എന്ന റിപ്പോർട്ടുകൾ ജനാധിപത്യ ഇന്ത്യയെ ഞെട്ടിക്കുന്നതാണ്.

തീരുമാനങ്ങൾ സമവായത്തിലൂടെയോ ഭൂരിപക്ഷാഭിപ്രായത്തിലൂടെയോ എടുക്കേണ്ട ഒരു സ്ഥാപനത്തിൽ ഏകപക്ഷീയമായി പരിഷ്കാരങ്ങൾ അടിച്ചേൽപിക്കുന്നുവെന്നത് ഭരണഘടനാപരമായ തത്ത്വങ്ങളുടെ ലംഘനമാണ്. പുതിയ വോട്ടർമാരെ ചേർക്കുന്നതിലും ഫോം 6 അപേക്ഷകളിൽ അനാവശ്യ ഉപാധികൾ ഉൾപ്പെടുത്തിയതിലും വരുത്തിയ മാറ്റങ്ങൾ സ്വതന്ത്ര വോട്ടവകാശത്തിന് തടസ്സമാകുന്നുവെന്ന വിലയിരുത്തലുകൾ നിസ്സാരമല്ല.

ശേഖരിക്കപ്പെടുന്ന തെരഞ്ഞെടുപ്പ് വിവരങ്ങളുടെ സുരക്ഷയും ആധികാരികതയും മുതൽ വോട്ടർ പട്ടികയിലെ കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും വരെ സംശയത്തിന്റെ നിഴലിലാണ്. പ്രതിപക്ഷ കക്ഷികൾ തെളിവുകൾ സഹിതം നിരന്തരം ഉന്നയിക്കുന്ന ആരോപണങ്ങൾക്കു വ്യക്തമായ മറുപടി നൽകുന്നതിനു പകരം, സാങ്കേതിക ന്യായീകരണങ്ങൾ നൽകി ഒഴിയാനാണ് കമ്മീഷൻ ശ്രമിക്കുന്നത്.

ഒരു തെരഞ്ഞെടുപ്പു കമ്മീഷന്റെ ഏറ്റവും വലിയ കരുത്ത് എന്നത് നിയമങ്ങൾ മാത്രമല്ല, ജനങ്ങൾക്ക് ആ സ്ഥാപനത്തിലുള്ള വിശ്വാസ്യതയാണ്. ഭരണപക്ഷത്തിന്റെ താൽപര്യങ്ങൾക്ക് വഴങ്ങുന്ന തരത്തിലുള്ള പെരുമാറ്റച്ചട്ട ലംഘനങ്ങളും ഏകപക്ഷീയമായ തീരുമാനങ്ങളും ഈ സ്ഥാപനത്തിന്റെ നിഷ്പക്ഷതയെ പ്രതികൂലമായി ബാധിക്കുന്നു.

ഇന്ത്യൻ ജനാധിപത്യം അതിന്റെ ഏറ്റവും വലിയ പരീക്ഷണഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. കമ്മീഷന്റെ തലപ്പത്തുള്ളവരുടെ നിയമന രീതി മുതൽ തീരുമാനമെടുക്കൽ പ്രക്രിയ വരെയുള്ള കാര്യങ്ങളിൽ പൂർണമായ സുതാര്യത കൊണ്ടുവരേണ്ടത് അത്യന്താപേക്ഷിതമാണ്.

'കാവലാൾ' തന്നെ വഴിമാറി നടക്കുന്ന അവസ്ഥ ജനാധിപത്യത്തിന് ആപത്താണ്. തെരഞ്ഞെടുപ്പു കമ്മീഷൻ സ്വന്തം ഭരണഘടനാപരമായ പദവിയും ഉത്തരവാദിത്തവും തിരിച്ചറിഞ്ഞ്, ഏതുവിധത്തിലുള്ള രാഷ്ട്രീയ സമ്മർദങ്ങൾക്കും അതീതമായി പ്രവർത്തിക്കാൻ തയ്യാറാകണം. അല്ലാത്തപക്ഷം, ഈ രാജ്യത്തെ സാധാരണക്കാരന് തെരഞ്ഞെടുപ്പ് പ്രക്രിയയിലുള്ള വിശ്വാസം പൂർണമായും നഷ്ടപ്പെടും; അത് ഇന്ത്യൻ ജനാധിപത്യത്തിന്റെ തകർച്ചയുടെ തുടക്കവുമായിരിക്കും. ■




# ശത്വഹും ആത്മീയ ഉന്മാദവും

മുഹമ്മദ് ഫയാസ്, നാദാപുരം

ശരീഅത്ത്' എന്നു കേൾക്കുമ്പോൾ ആദ്യം നമ്മുടെ മനസ്സിൽ വരുന്നത് പ്രവാചകന്റെ നിയോഗം മുതൽ ഇന്നുവരെയും അന്ത്യനാൾ വരെയും മുസ്‌ലിം ഉമ്മത്ത് പിന്തുടരുന്ന, അല്ലാഹുവിന്റെ കൽപനകളും വിലക്കുകളുമൊക്കെയാണ്. എന്നാൽ സൂഫികളുടെ അടുക്കൽ ഒരു പ്രത്യേക ശരീഅത്തുണ്ട്. നമുക്കതിനെ ഒരു പ്രത്യേക രീതി എന്നു വിളിക്കാം. ഒന്നാം നൂറ്റാണ്ടിലെ മുസ്‌ലിംകൾ അറിഞ്ഞതിൽ നിന്ന് തികച്ചും വ്യത്യസ്തമായ ഒരു രീതി. ഈ രീതിയിലേക്കു മുരീദ് പ്രവേശിക്കുന്നത് ചില വാതിലുകളിലൂടെയാണ്. അതിൽ ഏറ്റവും പ്രശസ്തമായ ഒന്നാണ് 'ദിക്റിന്റെ വാതിൽ.'

ഈ ദിക്ർ നബി(സ്വ) പഠിപ്പിച്ചതാണെന്നു കരുതരുത്. ഓരോ ശൈഖും തന്റെ തന്നിഷ്ടപ്രകാരം നിർമിച്ച് മുരീദിനു നൽകുന്ന പ്രത്യേക ദിക്റുകളാണത്. ശൈഖ് അവകാശപ്പെടും; പ്രവാചകൻ തന്റെ സ്വപ്നത്തിലോ ഉണർച്ചയിലോ വന്ന് ഈ മുരീദിന്

**ശരീഅത്ത്' എന്നു കേൾക്കുമ്പോൾ ആദ്യം നമ്മുടെ മനസ്സിൽ വരുന്നത് പ്രവാചകന്റെ നിയോഗം മുതൽ ഇന്നുവരെയും അന്ത്യനാൾ വരെയും മുസ്‌ലിം ഉമ്മത്ത് പിന്തുടരുന്ന, അല്ലാഹുവിന്റെ കൽപനകളും വിലക്കുകളുമൊക്കെയാണ്. എന്നാൽ സൂഫികളുടെ അടുക്കൽ ഒരു പ്രത്യേക ശരീഅത്തുണ്ട്. നമുക്കതിനെ ഒരു പ്രത്യേക രീതി എന്നു വിളിക്കാം. ഒന്നാം നൂറ്റാണ്ടിലെ മുസ്‌ലിംകൾ അറിഞ്ഞതിൽ നിന്ന് തികച്ചും വ്യത്യസ്തമായ ഒരു രീതി.**

ഈ ദിക്ർ എത്തിച്ചുകൊടുക്കാൻ കൽപിച്ചതാണെന്ന്. അല്ലെങ്കിൽ ഖിള്ർ(അ) വന്നു പറഞ്ഞതാണെന്ന്. അതുമല്ലെങ്കിൽ നൂറ്റാണ്ടുകൾക്കു മുമ്പ് മരണപ്പെട്ട ഏതെങ്കിലും ഒരു ശൈഖിൽനിന്നു സ്വീകരിച്ചതാണെന്ന്!

### ദിക്റും അതിനുള്ള അനുവാദവും

ഈ ദിക്റുകൾക്കു ഖുർആനിലോ സുന്നത്തിലോ യാതൊരു അടിസ്ഥാനവുമില്ല. ഒരു മുസ്‌ലിമിന് ലളിതമായി ചൊല്ലാൻ കഴിയുന്ന കുറെ ദിക്റുകൾ പ്രവാചകൻ(സ്വ) പഠിപ്പിച്ചിട്ടുണ്ട്. എന്നാൽ ത്വരീഖത്തിലെ ശൈഖുമാരുടെ ദിക്റുകളിൽ വിചിത്രവും മനസ്സിലാകാത്തതുമായ വാക്കുകളും ചിലപ്പോൾ അറബിയല്ലാത്ത വിചിത്രമായ പേരുകളും ഉണ്ടായിരിക്കും. പക്ഷേ, ഈ പേരിന് ഒരു രഹസ്യ ഊർജമുണ്ടെന്നും രഹസ്യങ്ങളുണ്ടെന്നും മറ്റാർക്കും അതറിയില്ലെന്നും ഈ ദിക്ർ ചൊല്ലിയാൽ വലിയ വിജയവും കശ്ഫും നൂറും ലഭിക്കുമെന്നും ശൈഖ് മുരീദിന് ഉറപ്പു നൽകും.

'അൽഅലീം എന്ന, അല്ലാഹുവിന്റെ നാമം 39 തവണ ചൊല്ലാൻ ഞാൻ നിങ്ങൾക്ക് അനുവാദം നൽകിയാൽ അതിൽ എന്താണു തെറ്റ്' എന്ന അവരുടെ ചോദ്യത്തിന് നാം എന്താണ് ഉത്തരം നൽകുക? അല്ലാഹുവിനെ അവന്റെ 'അൽഅലീം' എന്ന നാമത്തിൽ സ്മരിക്കുന്നത് യാതൊരു തെറ്റുമില്ലാത്ത കാര്യമാണ്. എന്നാൽ ആ ദിക്ർ ചൊല്ലാൻ ഒരു പ്രത്യേക എണ്ണം നിശ്ചയിച്ച് അനുവാദം നൽകുന്നത് ശൈഖാണ്. ദിക്റിന് മറ്റൊരാളുടെ അനുവാദം വാങ്ങണമെന്ന് മതം പഠിപ്പിക്കുന്നുണ്ടോ? അല്ലാഹുവിനെ സ്മരിക്കാൻ ഒരാൾക്ക് അനുവാദം നൽകാനോ നൽകാതിരിക്കാനോ ആർക്കാണ് അധികാരമുള്ളത്?

### ശത്വഹും ആത്മീയ ഉന്മാദവും

ദിക്റിനുശേഷം മുരീദ് നേരിടുന്ന രണ്ടാമത്തെ വാതിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ്, അതിനെ 'ശത്വഹ്' (ആത്മീയ ഉന്മാദ സംസാരം) എന്ന് വിളിക്കുന്നു. മുരീദ് ഒരു പ്രത്യേക വികാരത്തിലേക്കോ 'ജദ്ബ്' (ആത്മീയ ആകർഷണം) എന്ന അവസ്ഥയിലേക്കോ എത്തുമ്പോഴാണ് ഇത് സംഭവിക്കുന്നത്. 'മജ്ദൂബ്' (ഉന്മാദി) ആയാൽ അവൻ നിലവിളിക്കാനും എന്തൊക്കെയോ വിളിച്ചുപറയാനും തുടങ്ങും. അവൻ പറയും: 'എന്റെ വസ്ത്രത്തിനുള്ളിൽ അല്ലാഹുവല്ലാതെ മറ്റാരുമില്ല' ചിലപ്പോൾ 'ഞാൻ തന്നെയാണ് അല്ലാഹു' എന്നുവരെ പറഞ്ഞേക്കാം!

ചില സൂഫികൾ പറയും; താൻ സ്വബോധത്തിലല്ലെന്നും ആത്മീയമായി മത്തുപിടിച്ച അവസ്ഥയിലാണെന്നും. അവരുടെ അവകാശവാദപ്രകാരം ഈ അവസ്ഥ ദൈവിക പ്രണയത്തിന്റെയും ജ്ഞാനത്തിന്റെയും രഹസ്യങ്ങളിൽനിന്ന് ഉണ്ടാകുന്നതാണ്. ആ മനുഷ്യൻ താൻ ഉള്ള അവസ്ഥയിൽ മുഴുകിപ്പോ

യതുകൊണ്ട് അവന്റെ ബുദ്ധി നഷ്ടപ്പെടുകയും ഈ ഘട്ടത്തിൽ എത്തുകയും ചെയ്യുതാണത്രെ! ഒരു സൂഫി തന്റെ ജീവിതത്തിൽ എന്നെങ്കിലും എത്തിച്ചേരാൻ ആഗ്രഹിക്കുന്ന ഘട്ടമാണിത്!

സൂഫികളുടെ അടുക്കൽ 'തർബിയ്യത്ത്' (വളർത്തൽ) നിയമങ്ങളുമുണ്ട്. ഇതിനർഥം നമ്മൾക്കറിയാവുന്നപോലെ ശരിയും തെറ്റും പഠിപ്പിക്കുന്ന വളർത്തലല്ല. സൂഫികളുടെ അടുക്കൽ തർബിയ്യത്ത് എന്നാൽ ചിന്തയില്ലാതെ ശൈഖിന്റെ പിന്നാലെ നടക്കുക എന്നതാണ്; അദ്ദേഹത്തിന്റെ കൽപനകൾ ബുദ്ധിക്കോ ശരീഅത്തിനോ വിരുദ്ധമായാൽ പോലും അത് നടപ്പിലാക്കുക എന്നതാണ്. മുരീദ് തന്റെ ശൈഖിൽ ലയിച്ചുചേരണം (ഫനാഅ്), കാരണം അവരുടെ സങ്കൽപമനുസരിച്ച് ശൈഖ് മുരീദിനും അല്ലാഹുവിനും ഇടയിലുള്ള മധ്യസ്ഥനാണ്. ശൈഖ് പ്രപഞ്ചത്തിന്റെ രഹസ്യങ്ങളിലൊന്നാണ്.

**ത്വരീക്വത്തുൽ ഇശ്റാഖും ഇന്ത്യൻ സ്വാധീനവും**

അടിസ്ഥാനപരമായി ഒരുപാട് ത്വരീക്വത്തുകൾ ഉണ്ടായിരുന്നില്ല; 'ത്വരീക്വത്തുൽ ഇശ്റാക്' (പ്രകാശത്തിന്റെ പാത) എന്ന ഒരൊറ്റ പാതയേ ഉണ്ടായിരുന്നുള്ളൂ. സൂഫികൾ പറയുന്നതനുസരിച്ച്, ഇത് പൈഥഗോറസ്, പ്ലേറ്റോ തുടങ്ങിയ ഗ്രീക്ക് തത്ത്വചിന്തകരുടെ കാലത്താണ് ആരംഭിച്ചത്. പിന്നീട് പട്ടിണികിടക്കൽ, ഉറക്കമൊഴിക്കൽ, മൗനം, ദീർഘനേരത്തെ ഏകാന്തത (ഖൽവത്ത്) തുടങ്ങിയ 'ആത്മീയ വ്യായാമങ്ങളി'ലൂടെയും മറ്റും ഇത് സൂഫികളിലേക്കു പകർന്നു.

ഇത് മുരീദിന് അവന്റെ സ്വാഭാവിക ബോധം നഷ്ടപ്പെടാനും 'ജദ്ബ്' എന്ന് അവർ വിളിക്കുന്ന അവസ്ഥയിലേക്ക് പ്രവേശിക്കാനും കാരണമാകുന്നു. ഈ അവസ്ഥ ഇന്ത്യൻ മതങ്ങളിലും നിലനിൽക്കുന്നുണ്ട്, അവർ അതിനെ 'നിർവ്വാണം' എന്നു വിളിക്കുന്നു. പിന്നീട് കാര്യങ്ങൾ വികസിക്കുകയും 'തസവ്വുഫ് സുന്നി' അല്ലെങ്കിൽ 'ത്വരീക്വത്തുൽ ബുർഹാൻ' എന്നു പേരിട്ട ഒരു പുതിയതരം തസവ്വുഫ് പ്രത്യക്ഷപ്പെടുകയും ചെയ്തു. ഇതിന്റെ ലക്ഷ്യം അല്ലാഹുവിന്റെ പ്രീതിക്കായി ആരാധനകൾ ചെയ്യലോ ഇച്ഛകളെ നിയന്ത്രിക്കലോ അല്ല, മറിച്ച് 'കശ്ഫ്,' 'ജദ്ബ്' എന്നീ അവസ്ഥകളിൽ എത്തിച്ചേരുക എന്നതാണ്, അതിനെയാണ് അവർ അല്ലാഹുവിലേക്കുള്ള ഏറ്റവും ഉയർന്ന സാമീപ്യമായി കണക്കാക്കുന്നത്.

ഓരോ ത്വരീക്വത്തിനും ഒരു പേര്, ഒരു ശൈഖ്, പ്രത്യേക ഔറാദുകൾ, ശൈഖിനെ എല്ലാ കാര്യങ്ങളിലും അനുകരിക്കുന്ന അനുയായികൾ എന്നിവ ഉണ്ടായിരിക്കണം എന്നത് നിർബന്ധമാണ്. ഈ കാര്യം ഖാദിരിയ്യഃ, രിഫാഇയ്യഃ, നഖ്ശബന്ദിയ്യഃ, ശാദുലിയ്യഃ, മൗലവിയ്യഃ തുടങ്ങിയ പല ത്വരീക്വത്തുകളിലും കാണാം.

കാലക്രമേണ ത്വരീക്വത്ത് എന്നത് പൂർണ സിസ്റ്റമായി മാറി. മുരീദ് ശൈഖിന് ബൈഅത്ത് (പ്രതിജ്ഞ) ചെയ്യുകയും വർഷങ്ങളോളം അദ്ദേഹത്തിന്റെ കീഴിൽ ഇരുന്ന് പഠിക്കുകയും വളരുകയും ചെയ്യുന്നു. ചിലപ്പോൾ അവൻ തനിച്ചിരിക്കുകയോ 'ഹദ്റ'യിൽ (സൂഫി സദസ്സ്) നൃത്തം ചെയ്യുകയോ കൂട്ടായ ഔറാദുകൾ ചൊല്ലുകയോ ചെയ്യുന്നു. അവന്റെ ശൈഖ് അവനോടു നിശ്ചിത എണ്ണം ദിക്റുകൾ ചൊല്ലാൻ പറയുന്നു, അങ്ങനെ അവൻ തല കുലുക്കാനും നിലവിളിക്കാനും തുടങ്ങുന്നു. ഇതിന്റെയെല്ലാം ലക്ഷ്യം 'ജദ്ബി'ന്റെ അവസ്ഥയിൽ എത്തിച്ചേരുക എന്നതാണ്.

*(തുടരും)*




# വേറെയാര്?

## മൊയ്തു ഉളിക്കൽ

പ്രപഞ്ചനാഥനാം അല്ലാഹുവല്ലാതെ
പ്രാർഥനയ്ക്കുത്തരം ആരു നൽകും?
എല്ലാമറിയുന്ന റബ്ബവനല്ലാതെ
ആരുണ്ട് നമ്മൾക്കഭയമേകാൻ?
പുൽക്കൊടി പോലും പടക്കാൻ
കഴിയാത്ത
സൃഷ്ടികൾ നമ്മളെക്കാത്തിടുമോ?
ഏറ്റവും സൂക്ഷ്മമായറിയുന്നോനല്ലാതെ
നമ്മുടെ ഖൽബകം കണ്ടിടുമോ?
നേരായ പാതയിൽ നമ്മെ
നയിക്കുവാൻ
കാരുണ്യവാനവൻ മാത്രമല്ലേ?
വെയിലും മഴയും നമുക്ക്
നൽകീടുവാൻ
അല്ലാഹുവല്ലാതെയാര് വേറെ?
ഇഹപര സൗഭാഗ്യം നമ്മൾക്ക്
നൽകുന്നോൻ
അഹദവൻ മാത്രമാണെന്നറിയൂ.




# നേർപഥം

## ഉമ്മു അദ്നാൻ, ബഹ്റൈൻ

ലോകരക്ഷിതാവവൻ
ആദിമർത്യൻ ആദമിൽ
തുടങ്ങിവെച്ച നേർപഥം
തുടരുമെന്നുമാവിധം.
അമ്പിയാക്കളൊക്കയും
കടന്നുപോയ നേർപഥം.
കടലിലാഴ്ന്ന ദൂതർ യൂനുസ്,
കിണറിലായ യൂസുഫെന്നോർ
കരുതിടാതെ രക്ഷനേടാൻ
കാരണമാം നേർപഥം.
നംറൂദിന്റെ തീക്കളത്തിൽ
കുളിരു തീർത്ത നേർപഥം
ചെങ്കടൽ കടന്നു മൂസാ
കടന്നുവന്ന നേർപഥം.
കുരിശിൽനിന്നും ദൂതർ ഈസാ
രക്ഷ നേടിയ നേർപഥം.
ജന്മനാടു വെടിഞ്ഞുപോയ
അന്ത്യറസൂൽ, സഹജരും
വിജയമോടെ മടങ്ങിവന്ന
സ്വർഗപാത നേർപഥം.
ആ വഴിയിൽ നമ്മളെന്നും
മടിച്ചിടാതെ നീങ്ങണം.

കവർ സ്റ്റോറി



# മുസ്‌ലിം സമുദായം; ഉയർച്ചയും പതനവും

റൈഹാൻ ഷഹീദ്
: +971 50 596 0255

**ചരിത്രമെന്നത് ഗൃഹാതുരതയെ തടവിയുണർത്താനുള്ള വടുക്കളല്ല. വർത്തമാനകാലത്തെ തിരുത്താനും ഭാവി പണിയാനുമുള്ള ഇന്ധനമാണത്. ഓർമകളുടെ തടവറകളിലല്ല യാഥാർഥ്യങ്ങളുടെ ഉണർവിലാണ് സമുദായത്തിന്റെ അതിജീവനം സാധ്യമാവുക.**

ബദ്റിലെ വിജയം, യർമൂക്കിലെ പോരാട്ടം, മക്കാവിജയം, ഖുലഫാഉർറാശിദുകളുടെ ഭരണം, ബാഗ്ദാദിലെ ബൈത്തുൽ ഹിക്മ, കോർഡോവയിലെ സർവകലാശാലകൾ, അൻഡലൂസിന്റെ നാഗരികത, സ്വലാഹുദ്ദീൻ അയ്യൂബിയുടെ ധീരത, ഉസ്മാനിയ്യ ഖിലാഫത്ത്... ഇവയെല്ലാം മുസ്‌ലിംകളുടെ ആത്മവിശ്വാസം വർധിപ്പിക്കുന്നതിൽ നിർണായക പങ്കുവഹിക്കുന്ന ചരിത്ര സ്മരണയുടെ ഭാഗമാണ്.

**ലോകചരിത്രത്തിൽ സമാനതകളില്ലാത്ത ഒരു മാറ്റമാണ് ഏഴാം നൂറ്റാണ്ടിൽ അറേബ്യൻ ഉപദ്വീപിൽ സംഭവിച്ചത്. നൂറ്റാണ്ടുകളായി ഗോത്രവൈരവും വിഗ്രഹാരാധനയും സാമൂഹിക അനീതിയും സ്ത്രീപീഡനവും പ്രതികാരസംസ്കാരവും നിറഞ്ഞിരുന്ന ഒരു സമൂഹം ഏതാനും പതിറ്റാണ്ടുകൾക്കുള്ളിൽ ലോകത്തെ ഏറ്റവും സ്വാധീനിച്ച നാഗരികതകളിലൊന്നായി മാറി. ഈ മാറ്റം വാളിന്റെ ശക്തികൊണ്ടായിരുന്നില്ല; മനുഷ്യ മനസ്സിനെ മാറ്റിയതിലൂടെയായിരുന്നു. ഖുർആൻ ആദ്യം നിർമിച്ചത് ഒരു രാഷ്ട്രത്തെയല്ല; നല്ല മനുഷ്യരെയാണ്. ഒരു സമൂഹത്തിന്റെ ഉയർച്ച വ്യക്തികളുടെ പരിവർത്തനത്തിൽനിന്നാണ് ആരംഭിക്കുന്നതെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു.**

എന്നാൽ ഒരു ചോദ്യം നാം സ്വയം ചോദിക്കേണ്ടതുണ്ട്; ചരിത്രം അഭിമാനിക്കാനുള്ളത് മാത്രമാണോ, അല്ലെങ്കിൽ പഠിക്കാനുള്ളതു മാത്രമാണോ? ഇസ്‌ലാം ചരിത്രത്തെ ഒരിക്കലും ഗൃഹാതുരതയുടെ വിഷയമായി അവതരിപ്പിക്കുന്നില്ല. ഖുർആൻ മുൻകാല ജനതകളുടെ ചരിത്രം വിവരിക്കുന്നത് അവരുടെ വിജയത്തിന്റെയും പരാജയത്തിന്റെയും കാരണങ്ങൾ പഠിപ്പിക്കാനാണ്, ഗുണപാഠമുൾക്കൊള്ളാനാണ്, വിശ്വാസ ദൃഢതയുടെയും സത്യനിഷേധത്തിന്റെയും അനന്തരഫലങ്ങൾ മനസ്സിലാക്കാനാണ്.

അല്ലാഹു പറയുന്നു: "തീർച്ചയായും അവരുടെ ചരിത്രത്തിൽ ബുദ്ധിയുള്ളവർക്ക് പാഠമുണ്ട്" (ഖുർആൻ 12:111). "(നബിയേ,) പറയുക: നിങ്ങൾ ഭൂമിയിലൂടെ സഞ്ചരിക്കൂ. എന്നിട്ട് സത്യനിഷേധികളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നോക്കൂ" (ഖുർആൻ 6:11).

ഖുർആനിലെ ചരിത്രം വിനോദകഥകളല്ല; അല്ലാഹുവിന്റെ തീരുമാനങ്ങളുടെ (ചരിത്രനിയമങ്ങളുടെ) പാഠങ്ങളാണ്. അതുകൊണ്ടുതന്നെ മുസ്‌ലിംകൾ ചരിത്രം പഠിക്കുമ്പോൾ അതിരുകടന്ന രണ്ടു സമീപനങ്ങൾ ഒഴിവാക്കേണ്ടതുണ്ട്. ഒന്നാമത്തേത്, എല്ലാ പ്രശ്നങ്ങൾക്കും കാരണം പുറംശക്തികളാണെന്നത്. രണ്ടാമത്തേത്, പഴയ മഹത്ത്വത്തിന്റെ കഥകൾ മാത്രം പറഞ്ഞ് വർത്തമാനത്തിലെ ഉത്തരവാദിത്തങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറുന്നത്.

പൂർവികർ മഹാന്മാരായിരുന്നു എന്നതുകൊണ്ടു മാത്രം നമുക്ക് മഹത്ത്വം ലഭിക്കുകയില്ല. ഖുർആൻ ഒരു തലമുറയുടെ വിജയത്തെ അടുത്ത തലമുറയ്ക്ക് പാരമ്പര്യമായി നൽകുന്നില്ല. ഓരോ തലമുറയും സ്വന്തം പ്രവർത്തനങ്ങളിലൂടെ തന്നെയാണ് ചരിത്രത്തിൽ സ്ഥാനം നേടേണ്ടത്.

### മരുഭൂമിയിൽനിന്ന് ലോകനാഗരികതയിലേക്ക്

ലോകചരിത്രത്തിൽ സമാനതകളില്ലാത്ത ഒരു മാറ്റമാണ് ഏഴാം നൂറ്റാണ്ടിൽ അറേബ്യൻ ഉപദ്വീപിൽ സംഭവിച്ചത്. നൂറ്റാണ്ടുകളായി ഗോത്രവൈരവും വിഗ്രഹാരാധനയും സാമൂഹിക അനീതിയും സ്ത്രീപീഡനവും പ്രതികാരസംസ്കാരവും നിറഞ്ഞിരുന്ന ഒരു സമൂഹം ഏതാനും പതിറ്റാണ്ടുകൾക്കുള്ളിൽ ലോകത്തെ ഏറ്റവും സ്വാധീനിച്ച നാഗരികതകളിലൊന്നായി മാറി.

ഈ മാറ്റം എങ്ങനെ സംഭവിച്ചു? ചരിത്രകാരന്മാർ ഈ ചോദ്യത്തിന് വിവിധ ഉത്തരങ്ങൾ നൽകിയിട്ടുണ്ട്. ചിലർ അതിനെ സൈനിക വിജയങ്ങളുടെ ചരിത്രമായി കാണുന്നു. ചിലർ രാഷ്ട്രീയ വിജയമായി വിലയിരുത്തുന്നു. എന്നാൽ ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം ഈ മാറ്റത്തിന്റെ കേന്ദ്രം ഒരു വ്യക്തിയായിരുന്നു; മുഹമ്മദ് നബി(സ്വ).

മക്കയിൽ ദിവ്യസന്ദേശ പ്രചാരണത്തിന്റെ തുടക്കത്തിൽ മുസ്‌ലിംകൾ എണ്ണത്തിൽ വളരെ കുറവായിരുന്നു. സാമൂഹികമായി അവർ ബഹിഷ്കരിക്കപ്പെട്ടു.

സാമ്പത്തിക ഉപരോധം നേരിട്ടു. ശാരീരികമായി പീഡിപ്പിക്കപ്പെട്ടു. ചിലർക്ക് സ്വന്തം നാടു വിട്ട് അബ്സീനിയയിലേക്ക് പലായനം ചെയ്യേണ്ടിവന്നു.

എന്നാൽ വെറും ഇരുപത്തിമൂന്ന് വർഷങ്ങൾക്കുള്ളിൽ അറേബ്യയുടെ ചരിത്രം പൂർണമായും മാറി. ഈ മാറ്റം വാളിന്റെ ശക്തികൊണ്ടായിരുന്നില്ല; മനുഷ്യ മനസ്സിനെ മാറ്റിയതിലൂടെയായിരുന്നു. ക്വുർആൻ ആദ്യം നിർമിച്ചത് ഒരു രാഷ്ട്രത്തെയല്ല; നല്ല മനുഷ്യരെയാണ്. ഒരു സമൂഹത്തിന്റെ ഉയർച്ച വ്യക്തികളുടെ പരിവർത്തനത്തിൽനിന്നാണ് ആരംഭിക്കുന്നതെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. മദീനയിൽ സ്ഥാപിതമായ സമൂഹം അതിന്റെ ഉത്തമ ഉദാഹരണമാണ്. മുഹാജിറുകളും അൻസ്വാറുകളും തമ്മിലുള്ള സാഹോദര്യം പോലൊന്ന് ചരിത്രത്തിൽ അപൂർവമാണ്. ഗോത്രം, വർഗം, സമ്പത്ത്, ഭാഷ എന്നിവയെ അടിസ്ഥാനമാക്കിയല്ല, വിശ്വാസത്തെ അടിസ്ഥാനമാക്കിയായിരുന്നു ആ സമൂഹം രൂപപ്പെട്ടത്.

അബൂബക്കർ(റ) അധികാരമേറ്റയുടൻ നടത്തിയ പ്രസംഗം ഇന്നും ഉത്തമ ഭരണാധികാരിയുടെ മാതൃകയായി പഠിക്കപ്പെടുന്നു. 'ഞാൻ നന്മ ചെയ്താൽ എന്നെ സഹായിക്കുക, ഞാൻ തെറ്റു ചെയ്താൽ എന്നെ തിരുത്തുക' എന്നതായിരുന്നു അതിന്റെ അകക്കാമ്പ്. അധികാരം വിമർശനത്തിന് അതീതമല്ല എന്ന സന്ദേശമാണ് അതിലുള്ളത്.

ഉമർ(റ)വിന്റെ ഭരണകാലത്ത് നീതി, ഭരണസംവിധാനം, സാമ്പത്തിക പരിഷ്കാരങ്ങൾ, പൊതുഭരണം എന്നിവ പുതിയ ഉയരങ്ങളിലെത്തി. ചരിത്രകാരനായ ഫിലിപ്പ് ഹിറ്റിയുടെ അഭിപ്രായത്തിൽ, 'ഉമറിന്റെ ഭരണസംവിധാനം ലോകചരിത്രത്തിലെ ഏറ്റവും ഫലപ്രദമായ ഭരണസംവിധാനങ്ങളിൽ ഒന്നായിരുന്നു.'

**പ്രവാചകൻ(സ്വ) തന്റെ അനുചരന്മാരെ യോദ്ധാക്കളും അധ്യാപകരും ന്യായാധിപന്മാരും വ്യാപാരികളും ഭരണാധികാരികളും ദഅ്‌വത്ത് നടത്തുന്നവരുമൊക്കെയാക്കി വളർത്തി. ഒരു സമൂഹത്തിന്റെ യഥാർഥ ഉയർച്ച ആരംഭിക്കുന്നത് രാഷ്ട്രീയ വിജയത്തിൽനിന്നല്ല; വിശ്വാസത്തിലും സ്വഭാവത്തിലും വിജ്ഞാനത്തിലും സംഭവിക്കുന്ന പരിവർത്തനത്തിൽനിന്നാണ് എന്ന വസ്തുതയാണ് ഈ ചരിത്രം നമ്മെ പഠിപ്പിക്കുന്നത്.**

എന്നാൽ മുസ്‌ലിംകളുടെ ഉയർച്ചയുടെ ഏറ്റവും വലിയ കാരണം അവരുടെ രാഷ്ട്രീയ ശക്തിയായിരുന്നില്ല. അത് അവരുടെ മൂല്യങ്ങളായിരുന്നു. അവർ ക്വുർആനിനെ ജീവിതത്തിന്റെ കേന്ദ്രമാക്കി. അറിവിനെ ആരാധനയുടെ ഭാഗമായി കണ്ടു. നീതിയെ അധികാരത്തെക്കാൾ വലിയ മൂല്യമായി ഉയർത്തിപ്പിടിച്ചു. അച്ചടക്കത്തെ വിജയത്തിന്റെ അടിസ്ഥാനമാക്കി.

പ്രവാചകൻ(സ്വ) തന്റെ അനുചരന്മാരെ യോദ്ധാക്കളും അധ്യാപകരും ന്യായാധിപന്മാരും വ്യാപാരികളും ഭരണാധികാരികളും ദഅ്‌വത്ത് നടത്തുന്നവരുമൊക്കെയാക്കി വളർത്തി. ഒരു സമൂഹത്തിന്റെ യഥാർഥ ഉയർച്ച ആരംഭിക്കുന്നത് രാഷ്ട്രീയ വിജയത്തിൽനിന്നല്ല; വിശ്വാസത്തിലും സ്വഭാവത്തിലും വിജ്ഞാനത്തിലും സംഭവിക്കുന്ന പരിവർത്തനത്തിൽനിന്നാണ് എന്ന വസ്തുതയാണ് ഈ ചരിത്രം നമ്മെ പഠിപ്പിക്കുന്നത്. അല്ലാഹു പറയുന്നു: "...ഏതൊരു ജനതയും തങ്ങളുടെ സ്വന്തം നിലപാടുകളിൽ മാറ്റം വരുത്തുന്നതു വരെ അല്ലാഹു അവരുടെ സ്ഥിതിക്ക് വ്യത്യാസം വരുത്തുകയില്ല; തീർച്ച..." (ക്വുർആൻ 13:11). നല്ല മനുഷ്യരെ സൃഷ്ടിക്കാതെ മഹത്തായ ചരിത്രം സൃഷ്ടിക്കാൻ കഴിയുകയില്ല.

**ഇസ്‌ലാമിക നാഗരികതയുടെ സുവർണകാലം**

മുഹമ്മദ് നബി(സ്വ)യും ഖലീഫമാരും വാർത്തെടുത്ത മൂല്യാധിഷ്ഠിത സമൂഹം പിന്നീട് ലോകചരിത്രത്തിലെ ഏറ്റവും വലിയ നാഗരികതകളിലൊന്നായി വളർന്നു. ഉമവി, അബ്ബാസി, സെൽജൂഖ്, ഉസ്മാനിയ്യ ഭരണകാലങ്ങളിലായി മുസ്‌ലിം ലോകം രാഷ്ട്രീയമായും സാമ്പത്തികമായും ബൗദ്ധികമായും അഭൂതപൂർ വമായ വളർച്ച കൈവരിച്ചു.

ചരിത്രകാരനായ മാർഷൽ ഹോഡ്ജ്സൺ (Marshall G. S. Hodgson) The Venture of Islam എന്ന പുസ്തകത്തിൽ ഇസ്‌ലാമിക നാഗരികതയെ മനുഷ്യചരിത്രത്തിലെ ഏറ്റവും സ്വാധീനമുള്ള നാഗരികതകളിലൊന്നായി വിശേഷിപ്പിക്കുന്നുണ്ട്. കാരണം മുസ്‌ലിംകൾ സാമ്രാജ്യങ്ങൾ സ്ഥാപിച്ചതോടൊപ്പം വിജ്ഞാനത്തെയും ശാസ്ത്രത്തെയും സംസ്കാരത്തെയും ലോകത്തിന് സംഭാവന ചെയ്യുകയും ചെയ്തു.

അബ്ബാസി ഖിലാഫത്തിന്റെ തലസ്ഥാനമായ ബാഗ്ദാദ് അക്കാലത്ത് ലോകത്തിലെ ഏറ്റവും വലിയ വിജ്ഞാനകേന്ദ്രങ്ങളിലൊന്നായിരുന്നു. ഖലീഫ അൽമഅ്മൂന്റെ കാലത്ത് സ്ഥാപിക്കപ്പെട്ട 'ബൈത്തുൽ ഹിക്മ' ലോകത്തിലെ ആദ്യകാല മഹത്തായ ഗവേഷണ സ്ഥാപനങ്ങളിൽ ഒന്നായി കണക്കാക്കപ്പെടുന്നു. ഗ്രീക്ക്, പേർഷ്യൻ, ഇന്ത്യൻ, സുറിയാനി ഭാഷകളിലെ ആയിരക്കണക്കിന് ഗ്രന്ഥങ്ങൾ അറബിയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. ഈ വിവർത്തന പ്രസ്ഥാനം പിന്നീട് പുതിയ ഗവേഷണങ്ങൾക്കും കണ്ടെത്തലുകൾക്കും വഴിയൊരുക്കി.

ഗണിതശാസ്ത്രത്തിൽ മുഹമ്മദ് ഇബ്നു മൂസാ അൽഖവാരിസ്മി (Al-Khwarizmi) ബീജഗണിതത്തിന് (Algebra) അടിത്തറ പാകി. 'Algorithm' എന്ന ആധുനിക കമ്പ്യൂട്ടർ ശാസ്ത്രത്തിലെ സുപ്രധാന പദം അദ്ദേഹത്തിന്റെ പേരിൽനിന്നാണ് ഉത്ഭവിച്ചത്.

വൈദ്യശാസ്ത്രത്തിൽ ഇബ്നു സീനയുടെ 'അൽകാനൂനു ഫിത്ത്വിബ്ബ്' നൂറ്റാണ്ടുകളോളം യൂറോപ്യൻ സർവകലാശാലകളിൽ പാഠപുസ്തകമായി ഉപയോഗിക്കപ്പെട്ടു. ശസ്ത്രക്രിയാ രംഗത്ത് 'സഹ്റാവി' വികസിപ്പിച്ച ഉപകരണങ്ങളും ചികിത്സാരീതികളും ആധുനിക ശസ്ത്രക്രിയയുടെ വളർച്ചയെ സ്വാധീനിച്ചു.

ഭൗതികശാസ്ത്രത്തിലും പ്രകാശശാസ്ത്രത്തിലും ഇബ്നുൽ ഹയ്ഥം (Ibn al-Haytham) നടത്തിയ ഗവേഷണങ്ങൾ ആധുനിക ശാസ്ത്രീയ രീതിയുടെ (Scientific Method) വികാസത്തിൽ നിർണായക സംഭാവന നൽകി. ചരിത്രകാരന്മാർ പലരും അദ്ദേഹത്തെ 'ആദ്യത്തെ യഥാർഥ ശാസ്ത്രജ്ഞൻ' എന്നു വിശേഷിപ്പിച്ചിട്ടുണ്ട്. ഭൂമിശാസ്ത്രം, ജ്യോതിശാസ്ത്രം, രസതന്ത്രം, കൃഷിശാസ്ത്രം, സാഹിത്യം, സാമ്പത്തികശാസ്ത്രം തുടങ്ങി ഏതാണ്ടെല്ലാ മേഖലകളിലും മുസ്‌ലിം പണ്ഡിതന്മാർ ശ്രദ്ധേയമായ സംഭാവനകൾ നൽകിയതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.




കോർഡോവ, കെയ്റോ, ദമസ്കസ്, സമർഖന്ദ്, ബുഖാറ, ഇസ്താംബുൾ തുടങ്ങിയ നഗരങ്ങൾ വിജ്ഞാനത്തിന്റെ ആഗോള കേന്ദ്രങ്ങളായി മാറി. അൻഡലൂസിലെ കോർഡോവ സർവകലാശാലയിലും ഗ്രന്ഥശാലകളിലും പഠിക്കാൻ യൂറോപ്പിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദ്യാർഥികൾ എത്തിയിരുന്നു. ക്വുർആനും ഹദീസും പഠിച്ച അതേ സമൂഹം ഗണിതവും വൈദ്യശാസ്ത്രവും എഞ്ചിനീയറിംഗും ജ്യോതിശാസ്ത്രവും സാമ്പത്തികശാസ്ത്രവും പഠിച്ചു. മതവും ശാസ്ത്രവും പരസ്പരവിരുദ്ധമാണെന്ന ആശയം മുസ്‌ലിം നാഗരികതയിൽ ഉണ്ടായിരുന്നില്ല.

**വിജയത്തിന്റെ യഥാർഥ കാരണം**

മുസ്‌ലിംകളുടെ ഉയർച്ചയ്ക്കു പിന്നിൽ വർത്തിച്ച പ്രധാന ഘടകം ശക്തമായ സൈന്യമോ സമ്പദ്‌വ്യവസ്ഥയോ അല്ല; ആഴത്തിലുള്ള ചില മൂല്യങ്ങളാണ്:

1. *തൗഹീദ് കേന്ദ്രീകൃതമായ ലോകവീക്ഷണം*

ഇസ്‌ലാം മനുഷ്യനെ അല്ലാഹുവിന്റെ അടിമയും ഭൂമിയിൽ അല്ലാഹു ചില ഉത്തരവാദിത്തങ്ങൾ ഏൽപിച്ച സൃഷ്ടിയുമായി കാണുന്നു. ഈ ലോകവീക്ഷണം ജീവിതത്തിന് വ്യക്തമായ ലക്ഷ്യം നൽകി. അധികാരവും സമ്പത്തും അന്തിമലക്ഷ്യങ്ങളായിരുന്നില്ല; അല്ലാഹുവിന്റെ പ്രീതിയായിരുന്നു ലക്ഷ്യം.

2. *വിജ്ഞാനത്തിനു നൽകിയ പ്രാധാന്യം*

ക്വുർആനിലെ ആദ്യ വെളിപാടുതന്നെ 'നീ വായിക്കുക' (ഇക്വ്റഅ്) എന്ന കൽപനയോടെയാണ് ആരംഭിക്കുന്നത്. അല്ലാഹു ചോദിക്കുന്നു: 'അറിയുന്നവരും അറിയാത്തവരും ഒരു

പോലെയാണോ?' (ഖുർആൻ 39:9). ഇതുപോലുള്ള ഖുർആനിക വചനങ്ങളാണ് വിജ്ഞാനം തേടുന്നതിനെ മതത്തിന്റെ ഭാഗമായി കാണാൻ മുസ്‌ലിംകളെ പ്രേരിപ്പിച്ചത്. അന്നത്തെ പള്ളികൾ ആരാധനാലയങ്ങൾ മാത്രമായിരുന്നില്ല; പഠനകേന്ദ്രങ്ങൾ കൂടിയായിരുന്നു.

*3. നീതിയിൽ അധിഷ്ഠിതമായ ഭരണസംവിധാനം*

ഖുർആൻ പറയുന്നു: "വിശ്വസിച്ചേൽപിക്കപ്പെട്ടവ അവയുടെ അവകാശികൾക്ക് നിങ്ങൾ കൊടുത്തുവീട്ടണമെന്നും ജനങ്ങൾക്കിടയിൽ നിങ്ങൾ തീർപ്പുകൽപിക്കുകയാണെങ്കിൽ നീതിയോടെ തീർപ്പുകൽപിക്കണമെന്നും അല്ലാഹു നിങ്ങളോടു കൽപിക്കുന്നു" (ഖുർആൻ 4:58).

ചരിത്രത്തിൽ ചില മുസ്‌ലിം ഭരണാധികാരികളുടെ എല്ലാ തീരുമാനങ്ങളും ഈ ആദർശത്തിന് അനുസൃതമായിരുന്നുവെന്ന് പറയാനാവില്ല; അപവാദങ്ങൾ കണ്ടേക്കാം. എന്നിരുന്നാലും നീതി എന്ന മൂല്യം ഭരണത്തിന്റെ അടിസ്ഥാന തത്ത്വമായി അംഗീകരിക്കപ്പെട്ടിരുന്നു.




**ചരിത്രകാരനായ മാർഷൽ ഹോഡ്ജ്സൺ** (Marshall G. S. Hodgson) The Venture of Islam **എന്ന പുസ്തകത്തിൽ ഇസ്‌ലാമിക നാഗരികതയെ മനുഷ്യചരിത്രത്തിലെ ഏറ്റവും സ്വാധീനമുള്ള നാഗരികതകളിലൊന്നായി വിശേഷിപ്പിക്കുന്നുണ്ട്. കാരണം മുസ്‌ലിംകൾ സാമ്രാജ്യങ്ങൾ സ്ഥാപിച്ചതോടൊപ്പം വിജ്ഞാനത്തെയും ശാസ്ത്രത്തെയും സംസ്കാരത്തെയും ലോകത്തിന് സംഭാവന ചെയ്യുകയും ചെയ്തു.**

*4. സാമൂഹിക ഉത്തരവാദിത്തം*

സകാത്ത്, വഖ്ഫ്, ദാനധർമങ്ങൾ (സ്വദഖ), ബൈത്തുൽമാൽ തുടങ്ങിയവ സാമ്പത്തിക നീതിയും സാമൂഹിക ക്ഷേമവും ഉറപ്പാക്കാൻ സഹായിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, യാത്രക്കാർക്കുള്ള വിശ്രമകേന്ദ്രങ്ങൾ, അനാഥാലയങ്ങൾ എന്നിവയിൽ പലതും വഖ്ഫ് സമ്പ്രദായത്തിലൂടെയാണ് പ്രവർത്തിച്ചിരുന്നത്.

*5. തുറന്ന ബൗദ്ധിക സംസ്കാരം*

ആദ്യകാല മുസ്‌ലിം പണ്ഡിതന്മാർ വിജ്ഞാനം എവിടെനിന്നാണെന്നതല്ല, അത് സത്യമാണോ എന്നതാണ് പ്രധാനമെന്ന് കരുതി. ഇന്ത്യയിൽനിന്നുള്ള ഗണിതശാസ്ത്രവും പേർഷ്യയിൽനിന്നുള്ള ഭരണസംവിധാനങ്ങളും അവർ പഠിക്കുകയും വിമർശനാത്മകമായി വിലയിരുത്തുകയും വികസിപ്പിക്കു കയും ചെയ്തു.

ഇമാം ശാഫിഈയുടെ വാക്കുകൾ ശ്രദ്ധേയമാണ്: 'എന്റെ അഭിപ്രായം ശരിയാണ്; എന്നാൽ തെറ്റായിരിക്കാനും സാധ്യതയുണ്ട്. മറ്റൊരാളുടെ അഭിപ്രായം തെറ്റാണ്; എന്നാൽ ശരിയായിരിക്കാനും സാധ്യതയുണ്ട്.' ഇത്തരത്തിലുള്ള ബൗദ്ധിക വിനയമാണ് ഗവേഷണങ്ങൾക്കും ആരോഗ്യകരമായ സംവാദങ്ങൽക്കും വഴിയൊരുക്കിയത്.

*6. ധാർമികതയും സ്വഭാവശുദ്ധിയും*

ഇസ്‌ലാമിക നാഗരികതയുടെ ശക്തി നല്ല മനുഷ്യരെ രൂപപ്പെടുത്തുന്നതിലായിരുന്നു. വിശ്വാസവും ധാർമികതയും അച്ചടക്കവും ഉത്തരവാദിത്തബോധവും ആ സമൂഹത്തിന്റെ അടിസ്ഥാന മൂല്യങ്ങളായിരുന്നു. അല്ലാഹു മുസ്‌ലിം സമൂഹത്തെ വിശേഷിപ്പിക്കുന്നത് ഇപ്രകാരമാണ്: "മനുഷ്യവംശത്തിനു വേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമസമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽനിന്ന് വിലക്കുകയും, അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു" (ഖുർആൻ 3:110).

ഈ സൂക്തത്തിൽ അല്ലാഹു മുസ്‌ലിംകളെ 'ഉത്തമ സമുദായം' എന്ന് വിശേഷിപ്പിക്കുന്നത് അവരുടെ ചരിത്രമോ വംശപരമ്പരയോ വിലയിരുത്തിക്കൊണ്ടല്ല; അവർ നിർവഹിക്കുന്ന ഉത്തരവാദിത്ത

ങ്ങൾ കൊണ്ടാണ്. ഇതാണ് മുസ്‌ലിം ചരിത്രം നൽകുന്ന ഏറ്റവും വലിയ പാഠം. നാഗരികതകൾ സൈനിക ശക്തികൊണ്ടല്ല നില നിൽക്കുന്നത്; മൂല്യങ്ങൾകൊണ്ടാണ്, വിജ്ഞാനത്താലാണ്, നീതിയാലാണ്, സ്വഭാവശുദ്ധിയാലാണ്.

**പതനം എങ്ങനെ ആരംഭിച്ചു?**

മുസ്‌ലിം ചരിത്രത്തെക്കുറിച്ചുള്ള ചർച്ചകളിൽ ഏറ്റവും കൂടുതൽ തെറ്റിദ്ധരിക്കപ്പെടുന്ന വിഷയങ്ങളിലൊന്നാണ് 'പതനം.' ചിലർ മുസ്‌ലിം ലോകത്തിന്റെ എല്ലാ പ്രശ്നങ്ങൾക്കും കാരണം മംഗോളിയൻ ആക്രമണമാണെന്ന് കരുതുന്നു. മറ്റുചിലർ യൂറോപ്യൻ കൊളോണിയലിസത്തെയാണ് ഏക കാരണമായി പറയുന്നത്. എന്നാൽ ചരിത്രവസ്തുത ഇവ മാത്രമല്ല.

ഒരു നാഗരികതയും ഒരു ദിവസംകൊണ്ട് തകരുന്നില്ല. അതിന്റെ പതനം ആരംഭിക്കുന്നത് അകത്തു നിന്നാണ്. ശേഷമാണ് പുറമെനിന്നുള്ള ശക്തികൾ അതിനെ കൂടുതൽ ദുർബലമാക്കുന്നത്. ഇബ്നു ഖൽദൂൻ തന്റെ പ്രശസ്ത കൃതിയായ 'മുഖദ്ദിമ'യിൽ നാഗരികതകളുടെ ഉയർച്ചയും പതനവും വിശകലനം ചെയ്യുമ്പോൾ പറയുന്നത്, ഒരു സമൂഹത്തിന്റെ ആന്തരിക ഐക്യവും ധാർമികശക്തിയും ദുർബലമാകുമ്പോൾ അതിന്റെ രാഷ്ട്രീയ ശക്തിയും ക്രമേണ ക്ഷയിച്ചുതുടങ്ങുമെന്നാണ്.

1. *രാഷ്ട്രീയ വിഭജനങ്ങൾ*

പ്രവാചകന്റെയും ഖുലഫാഉർറാശിദീന്റെയും കാലത്ത് മുസ്‌ലിം സമൂഹത്തിന്റെ ഏറ്റവും വലിയ ശക്തി അവരുടെ ഐക്യമായിരുന്നു. എന്നാൽ പിന്നീട് അധികാരമത്സരങ്ങളും ആഭ്യന്തര യുദ്ധങ്ങളും വിഭാഗീയതയും ശക്തിപ്പെട്ടു. ഉമവികളുടെയും അബ്ബാസികളുടെയും കാലത്ത് ഭരണപരമായ നിരവധി നേട്ടങ്ങൾ ഉണ്ടായിരുന്നെങ്കിലും, അധികാരത്തിനുവേണ്ടിയുള്ള സംഘർഷങ്ങളും ആഭ്യന്തര കലാപങ്ങളും രാഷ്ട്രീയ സ്ഥിരതയെ ബാധിച്ചു.



2. *ആഡംബരവും അധികാരാസക്തിയും*

ആദ്യകാല മുസ്‌ലിം ഭരണാധികാരികളുടെ ജീവിതം ലാളിത്യത്തിന്റെയും ഉത്തരവാദിത്തബോധത്തിന്റെയും പ്രതീകമായിരുന്നു. ഉമർ(റ) രാത്രിയിൽ സാധാരണ ജനങ്ങളുടെ അവസ്ഥയന്വേഷിച്ച് തെരുവുകളിലൂടെ നടന്ന ഭരണാധികാരിയായിരുന്നു. എന്നാൽ പിന്നീട് ചില ഭരണകൂടങ്ങളിൽ രാജകീയ ആഡംബരവും കൊട്ടാരജീവിതവും അധികാരമത്സരങ്ങളും വർധിച്ചു.

ഇബ്നു ഖൽദൂൻ പറയുന്നതുപോലെ, ആഡംബരം ഒരു നാഗരികതയുടെ വളർച്ചയുടെ ഫലമായിരിക്കാം; എന്നാൽ അത് അതിന്റെ തകർച്ചയുടെ തുടക്കവുമാകാം.

3. *വിജ്ഞാനത്തോടുള്ള അവഗണന*

ഒരുകാലത്ത് ലോകത്തിന്റെ വിജ്ഞാന കേന്ദ്രങ്ങളായിരുന്ന മുസ്‌ലിം നഗരങ്ങളിൽ പിന്നീട് ഗവേഷണവും നവോത്ഥാനവും ക്രമേണ കുറഞ്ഞു. മുൻഗാമികൾ എഴുതിയതു മാത്രം ആവർത്തിക്കുന്ന സംസ്കാരം ക്രമേണ ശക്തിപ്പെട്ടു. പുതിയ ചോദ്യങ്ങൾക്ക് പുതിയ ഉത്തരങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ കുറഞ്ഞു. ഒരുകാലത്ത് ലോകത്തെ പഠിപ്പിച്ച സമൂഹം പിന്നീട് മറ്റുള്ളവരിൽനിന്ന് പഠിക്കുന്നതിൽ ഒതുങ്ങാൻ നിർബന്ധിതരായി.

4. *ബാഹ്യ വെല്ലുവിളികൾ*

ആന്തരിക ദുർബലതകൾക്കൊപ്പം ബാഹ്യ ആക്രമണങ്ങളും മുസ്‌ലിം ലോകത്തെ ശക്തമായി ബാധിച്ചു. കുരിശുയുദ്ധങ്ങൾ മുസ്‌ലിം ലോക

> **ഒരു നാഗരികതയും ഒരു ദിവസംകൊണ്ട് തകരുന്നില്ല. അതിന്റെ പതനം ആരംഭിക്കുന്നത് അകത്തു നിന്നാണ്. ശേഷമാണ് പുറമെ നിന്നുള്ള ശക്തികൾ അതിനെ കൂടുതൽ ദുർബലമാക്കുന്നത്. ഇബ്നു ഖൽദൂൻ തന്റെ പ്രശസ്ത കൃതിയായ 'മുഖദ്ദിമ'യിൽ നാഗരികതകളുടെ ഉയർച്ചയും പതനവും വിശകലനം ചെയ്യുമ്പോൾ പറയുന്നത്, ഒരു സമൂഹത്തിന്റെ ആന്തരിക ഐക്യവും ധാർമികശക്തിയും ദുർബലമാകുമ്പോൾ അതിന്റെ രാഷ്ട്രീയ ശക്തിയും ക്രമേണ ക്ഷയിച്ചുതുടങ്ങുമെന്നാണ്.**

ത്തെ ദീർഘകാല യുദ്ധങ്ങളിലേക്ക് തള്ളിവിട്ടു. 1258ൽ മംഗോളിയർ ബാഗ്ദാദ് ആക്രമിച്ച് അബ്ബാസി ഖിലാഫത്തിന്റെ തലസ്ഥാനം തകർത്തു. ചരിത്രത്തിലെ ഏറ്റവും വലിയ ബൗദ്ധിക ദുരന്തങ്ങളിലൊന്നായിരുന്നു അത്. ആയിരക്കണക്കിനു പണ്ഡിതന്മാർ കൊല്ലപ്പെട്ടു. നൂറ്റാണ്ടുകളായി ശേഖരിച്ച ഗ്രന്ഥങ്ങൾ നശിപ്പിക്കപ്പെട്ടു.

പിന്നീട് യൂറോപ്യൻ കൊളോണിയലിസം മുസ്‌ലിം ലോകത്തിന്റെ വലിയൊരു ഭാഗത്തെ രാഷ്ട്രീയമായും സാമ്പത്തികമായും നിയന്ത്രണത്തിലാക്കി. എന്നാൽ ഈ സംഭവങ്ങളെ മാത്രം കുറ്റപ്പെടുത്തുന്നത് ചരിത്രത്തെ അപൂർണമാക്കും. മാർഷൽ ഹോഡ്ജ്സൺ എഴുതുന്നത് ശ്രദ്ധേയമാണ്. പുറമെനിന്നുള്ള ആക്രമണങ്ങൾ വിജയിക്കുന്നത് പലപ്പോഴും ആന്തരിക ദുർബലതകൾ ശക്തമായപ്പോൾ മാത്രമാണെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. ചരിത്രത്തിന്റെ ഏറ്റവും വലിയ പാഠം ഇതാണ്. ശത്രുക്കളെ മാത്രം കുറ്റപ്പെടുത്തിക്കൊണ്ട് ഒരു സമൂഹത്തിനും ഉയരാനാവില്ല. ആത്മവിമർശനവും ആത്മപരിഷ്കരണവും കൂടിയേ നവോത്ഥാനം സാധ്യമാകൂ.

**പതനം എന്നത് പൂർണമായ തകർച്ചയാണോ?**

'മുസ്‌ലിം നാഗരികത തകർന്നു' എന്ന വാചകം നാം പലപ്പോഴും കേൾക്കാറുണ്ട്. എന്നാൽ ചരിത്രപരമായി ഇത് ശരിയല്ല. കാരണം മുസ്‌ലിം ചരിത്രം ഒരു സാമ്രാജ്യത്തിന്റെ ചരിത്രമല്ല. അത് ഒരു ഉമ്മത്തിന്റെ ചരിത്രമാണ്. ഒരു കേന്ദ്രം ദുർബലമായപ്പോൾ മറ്റൊരു കേന്ദ്രം ഉയർന്നുവന്നു. ഒരു സാമ്രാജ്യം അവസാനിച്ചപ്പോൾ മറ്റൊന്ന് രൂപപ്പെട്ടു. 1258ൽ ബാഗ്ദാദ് വീണു. പലരും അതിനെ മുസ്‌ലിം നാഗരികതയുടെ അവസാനമായി കണ്ടു. എന്നാൽ അതുണ്ടായില്ല. ഈജിപ്തിലെ മംലൂക്കുകൾ മംഗോളിയരെ ഐൻജാലൂത് യുദ്ധത്തിൽ പരാജയപ്പെടുത്തി. ഇസ്‌ലാമികലോകം വീണ്ടും ശക്തിപ്പെട്ടു.

1492ൽ അൻഡലൂസ് നഷ്ടപ്പെട്ടു. അതൊരു മഹത്തായ ദുരന്തമായിരുന്നു. എന്നാൽ അതേ കാലഘട്ടത്തിൽ ഉസ്മാനിയ്യ സാമ്രാജ്യം ലോകത്തിലെ ഏറ്റവും ശക്തമായ രാഷ്ട്രീയ ശക്തികളിലൊന്നായി വളരുകയായിരുന്നു. ഇന്ത്യയിൽ ദില്ലി സുൽത്താന്മാരും പിന്നീട് മുഗൾ സാമ്രാജ്യവും വിദ്യാഭ്യാസത്തിന്റെയും കലകളുടെയും നിർമാണവിദ്യയുടെയും പുതിയ കേന്ദ്രങ്ങൾ സൃഷ്ടിച്ചു. കാലം മാറുമ്പോൾ കേന്ദ്രങ്ങളും മാറി. എന്നാൽ ഉമ്മത്ത് നിലനിന്നു. ഇവിടെ നിന്ന് നമുക്ക് മറ്റൊരു പാഠം ലഭിക്കുന്നു; ഒരു മുസ്‌ലിമിന്റെ പ്രത്യാശ ഒരു രാഷ്ട്രീയ ഭരണകൂടത്തിലല്ല, അല്ലാഹുവിന്റെ വാഗ്ദാനത്തിലാണ്. ഖുർആൻ പറയുന്നു: "...അല്ലാഹു തന്റെ കാര്യം ജയിച്ചടക്കുന്നവനത്രെ. പക്ഷേ, മനുഷ്യരിൽ അധികപേരും അത് മനസ്സിലാക്കുന്നില്ല" (ഖുർആൻ 12:21)

അതേസമയം ഈ ചരിത്രം മറ്റൊരു മുന്നറിയിപ്പും നൽകുന്നു. പഴയ വിജയങ്ങൾ പുതിയ വിജയങ്ങൾക്ക് ഉറപ്പല്ല. ഉമർ(റ)വിന്റെ ഭരണകാലത്തെക്കുറിച്ച് അഭിമാനിക്കുന്നതുകൊണ്ട് മാത്രം ഇന്നത്തെ മുസ്‌ലിം സമൂഹം വിജയിക്കുകയില്ല.

ഇബ്നു ഹയ്ഥമിനെയും അൽഖവാരിസ്മിയെയും പ്രശംസിക്കുന്നതുകൊണ്ട് മാത്രം പുതിയ ശാസ്ത്രജ്ഞർ ഉണ്ടാകുകയില്ല. സ്വലാഹുദ്ദീൻ അയ്യൂബിയെക്കുറിച്ച് പ്രസംഗിക്കുന്നതുകൊണ്ടുമാത്രം പുതിയ സ്വലാഹുദ്ദീന്മാർ ഉയർന്നുവരുകയില്ല. ഓരോ തലമുറയും സ്വന്തം ഉത്തരവാദിത്തം നിർവഹിക്കണം. ചരിത്രം നമ്മെ പ്രചോദിപ്പിക്കണം. പക്ഷേ, ചരിത്രം നമ്മെ ഉറക്കരുത്. ഭൂതകാല മഹത്ത്വത്തിൽ മയങ്ങിക്കിടക്കുന്ന സമൂഹങ്ങൾ ഭാവി നിർമിക്കുകയില്ല. ചരിത്രത്തിൽനിന്ന് പാഠം പഠിച്ച് പുതിയ ചരിത്രം സൃഷ്ടിക്കുന്നവരാണ്

ലോകത്തെ നയിക്കുന്നത്. അതുകൊണ്ടുതന്നെ മുസ്‌ലിം ചരിത്രത്തിന്റെ ഏറ്റവും വലിയ സന്ദേശം പഴയ മഹത്ത്വത്തെ ആഘോഷിക്കുക എന്നതല്ല; ആ മഹത്ത്വം സൃഷ്ടിച്ച മൂല്യങ്ങളെ വീണ്ടും ജീവിതത്തിലേക്ക് കൊണ്ടുവരിക എന്നതാണ്.

**മുസ്‌ലിം ലോകവും വർത്തമാനകാല വെല്ലുവിളികളും**

ചരിത്രം വെറും ഭൂതകാലത്തിന്റെ കഥയല്ല. അത് വർത്തമാനത്തെ മനസ്സിലാക്കാനുള്ള കണ്ണാടി കൂടിയാണ്. അതുകൊണ്ടുതന്നെ മുസ്‌ലിം ചരിത്രത്തിൽനിന്ന് പാഠങ്ങൾ പഠിക്കണമെങ്കിൽ ഇന്നത്തെ മുസ്‌ലിം ലോകത്തിന്റെ അവസ്ഥയും സത്യസന്ധമായി വിലയിരുത്തേണ്ടതുണ്ട്.

ലോകജനസംഖ്യയുടെ ഏകദേശം നാലിലൊന്ന് മുസ്‌ലിംകളാണ്. അമ്പതിലധികം രാജ്യങ്ങളിൽ മുസ്‌ലിംകൾ ഭൂരിപക്ഷമാണ്. ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഊർജസ്രോതസ്സുകളിൽ പലതും മുസ്‌ലിം രാജ്യങ്ങളിലാണ്. എന്നിട്ടും ഒരു വിരോധാഭാസം നാം കാണുന്നു. ശാസ്ത്രഗവേഷണത്തിൽ മുസ്‌ലിം ലോകത്തിന്റെ പങ്കു വളരെ പരിമിതമാണ്. ലോകത്തിലെ മികച്ച സർവകലാശാലകളുടെ പട്ടികയിൽ മുസ്‌ലിം രാജ്യങ്ങളുടെ സാന്നിധ്യം കുറവാണ്. ഗവേഷണ-വികസന-നിക്ഷേപത്തിൽ പല മുസ്‌ലിം രാജ്യങ്ങളും പിന്നിലാണ്. സാങ്കേതികവിദ്യയിൽ മറ്റുള്ളവരെ ആശ്രയിക്കേണ്ട സാഹചര്യം നിലനിൽക്കുന്നു. ഇത് മുസ്‌ലിംകളുടെ കഴിവില്ലായ്മകൊണ്ടല്ല; വിദ്യാഭ്യാസം, ഗവേഷണം, സ്ഥാപനനിർമാണം എന്നിവയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകാത്തതിന്റെ ഫലമാണ്.

രാഷ്ട്രീയ മേഖലയിലും സമാനമായ വെല്ലുവിളികളുണ്ട്. പല മുസ്‌ലിം രാജ്യങ്ങളും ആഭ്യന്തര സംഘർഷങ്ങളിലൂടെയും വിഭാഗീയതയിലൂടെയും കടന്നുപോകുകയാണ്. ചിലയിടങ്ങളിൽ ആഭ്യന്തര യുദ്ധങ്ങൾ, മറ്റുചിലയിടങ്ങളിൽ സ്വേച്ഛാധിപത്യ ഭരണകൂടങ്ങൾ, മറ്റൊരിടത്ത് വിദേശ ഇടപെടലുകൾ, മറ്റൊരിടത്ത് സാമ്പത്തിക പ്രതിസന്ധികൾ. ഖുർആൻ മുസ്‌ലിംകളെ ഒരു ഉമ്മത്തായി അവതരിപ്പിക്കുമ്പോൾ ഇന്ന് അവർ പലപ്പോഴും ദേശീയതയുടെയും വിഭാഗീയതയുടെയും രാഷ്ട്രീയത്തിന്റെയും അടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ടിരിക്കുന്നു.

**ഓരോ തലമുറയും സ്വന്തം ഉത്തരവാദിത്തം നിർവഹിക്കണം. ചരിത്രം നമ്മെ പ്രചോദിപ്പിക്കണം. പക്ഷേ, ചരിത്രം നമ്മെ ഉറക്കരുത്. ഭൂതകാല മഹത്ത്വത്തിൽ മയങ്ങിക്കിടക്കുന്ന സമൂഹങ്ങൾ ഭാവി നിർമിക്കുകയില്ല. ചരിത്രത്തിൽനിന്ന് പാഠം പഠിച്ച് പുതിയ ചരിത്രം സൃഷ്ടിക്കുന്നവരാണ് ലോകത്തെ നയിക്കുന്നത്. അതുകൊണ്ടുതന്നെ മുസ്‌ലിം ചരിത്രത്തിന്റെ ഏറ്റവും വലിയ സന്ദേശം പഴയ മഹത്ത്വത്തെ ആഘോഷിക്കുക എന്നതല്ല; ആ മഹത്ത്വം സൃഷ്ടിച്ച മൂല്യങ്ങളെ വീണ്ടും ജീവിതത്തിലേക്ക് കൊണ്ടുവരിക എന്നതാണ്.**

അതേസമയം മുസ്‌ലിം ലോകം നേരിടുന്ന വെല്ലുവിളികൾ ആഭ്യന്തര പ്രശ്നങ്ങളിൽ മാത്രം ഒതുങ്ങുന്നില്ല. ഇസ്‌ലാമോഫോബിയ ലോകത്തിന്റെ പല ഭാഗങ്ങളിലും വർധിച്ചുവരികയാണ്. മാധ്യമങ്ങളിലൂടെ ഇസ്‌ലാമിനെക്കുറിച്ചുള്ള തെറ്റായ ധാരണകൾ പ്രചരിപ്പിക്കപ്പെടുന്നു. ചില രാജ്യങ്ങളിൽ മുസ്‌ലിംകൾ വിവേചനവും വിദ്വേഷവും നേരിടുന്നു. എന്നാൽ ഇതെല്ലാം നിരാശയുടെ കാരണമാകേണ്ടതില്ല. കാരണം ഇന്നത്തെ മുസ്‌ലിം ലോകത്ത് പ്രതീക്ഷ നൽകുന്ന നിരവധി സൂചനകളും കാണാം.

ലോകമെമ്പാടുമുള്ള മുസ്‌ലിം യുവാക്കൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുന്നു. ഇസ്‌ലാമിക ധനകാര്യ സംവിധാനം (Islamic Finance) ലോകവ്യാപകമായി വളരുന്നു. ഹലാൽ സമ്പദ്‌വ്യവസ്ഥ, സാങ്കേതികവിദ്യ, മെഡിക്കൽ ഗവേഷണം, സംരംഭകത്വം തുടങ്ങിയ മേഖലകളിൽ മുസ്‌ലിം യുവതലമുറയുടെ സാന്നിധ്യം വർധിച്ചുവരുന്നു. അറിവ്, ഗവേഷണം, സാമൂഹിക സേവനം, ദഅ്‌വത്ത് എന്നിവയിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പുതിയ സംരംഭങ്ങൾ രൂപപ്പെടുന്നുണ്ട്.

ചരിത്രം നമ്മെ പഠിപ്പിക്കുന്നത് പ്രതിസന്ധികൾ ശാശ്വതമല്ല എന്നാണ്. എന്നാൽ ഉയർച്ച സ്വയം സംഭവിക്കുകയുമില്ല. അതിന് ഖുർആൻ പഠിപ്പിക്കുന്ന അടിസ്ഥാന തത്ത്വങ്ങളിലേക്ക് മടങ്ങിവരേണ്ടതുണ്ട്.

*(അടുത്ത ലക്കത്തിൽ: ചരിത്രം; ഖുർആനിന്റെ വീക്ഷണം).*



# ജമാഅത്തെ ഇസ്‌ലാമിയും സ്വതന്ത്രാന്വേഷകന്റെ നോട്ടവും

മൂസ സ്വലാഹി കാര
: 97473 45768

ഇസ്‌ലാമിക നിയമസംഹിതയോടും പ്രബോധനത്തോടും നാമമാത്രമായ ബന്ധം പുലർത്തി, രാഷ്ട്രീയ ഭൂപടത്തിന്റെ ഏതെങ്കിലും മൂലയിൽ എങ്ങനെയെങ്കിലും ഇരിപ്പുറപ്പിക്കാൻ പരിശ്രമിക്കുന്ന സംഘടനയാണ് ജമാഅത്തെ ഇസ്‌ലാമി. ഇതിനു വിത്തുവിതച്ച് വളർത്തിയ അബുൽ അഅ്‌ലാ മൗദൂദിയുടെ സ്വപ്നമായ 'മതരാഷ്ട്ര സ്ഥാപനം' അടിസ്ഥാന ആശയമാക്കിത്തന്നെയാണ് കേരളത്തിലേക്കും ഇതു കയറിക്കൂടിയത്. അദ്ദേഹത്തിന്റെ കണ്ടെത്തലാണ് ഇസ്‌ലാമിന്റെ ശരിയായ ആദർശം എന്നാണ് ഇവരുടെ ധാരണ.

'പ്രബോധനം' വാരിക (2026 ആഗസ്റ്റ് 6, പേജ് 18) 'ജമാഅത്തെ ഇസ്‌ലാമി ഒരു സ്വതന്ത്രാന്വേഷകന്റെ നോട്ടത്തിൽ' എന്ന ലേഖനത്തിലൂടെ ജമാഅത്തിന്റെ ആശയത്തിന് വേലികെട്ടി കാവലിരിക്കാൻ ലേഖകൻ അങ്ങേയറ്റം പ്രയത്നിക്കുന്നതായും പലതും വെളിപ്പെടുത്തുന്നതായും കണ്ടു.

**മൗദൂദിയൻ ചിന്ത ഇസ്‌ലാമിന്റെ സമഗ്രതയോ?**

മൗദൂദി സാഹിബിന്റെ ചിന്തകളെ കാത്തുസൂക്ഷിക്കുന്ന ജമാഅത്തുകാർ അവയെ ഇന്നും വാനോളം വാഴ്ത്തുന്നവരാണ്. ലേഖകൻ എഴുതുന്നു: "മൗദൂദിയുടെ ചിന്തയിലാകട്ടെ ഇസ്‌ലാമിന്റെ സമഗ്രതയും പവിത്രമായ ഇസ്‌ലാമിന്റെ രാഷ്ട്രീയ സിദ്ധാന്തവുമാണ്

**ദീൻ, ശരീഅത്ത്, ഇബാദത്ത് എന്നീ പദങ്ങൾക്ക് തന്റേതായ രാഷ്ട്രീയ വ്യാഖ്യാനം നൽകിയ മൗദൂദി സ്വപ്നം കണ്ടത് മതരാഷ്ട്രമായിരുന്നു എന്നതിന് ഇതിൽ കൂടുതൽ തെളിവൊന്നും ആവശ്യമില്ല. ഈ പദങ്ങൾക്ക് ഇങ്ങനെയൊരു അർഥവും വ്യാഖ്യാനവും അഹ്‌ലുസ്സുന്നയുടെ ഏതെങ്കിലുമൊരു പണ്ഡിതൻ നൽകിയത് എടുത്തുദ്ധരിക്കാൻ ജമാഅത്തുകാർ സന്നദ്ധരായിട്ടുമില്ല! ഇസ്‌ലാമിക രാഷ്ട്രം സ്ഥാപിതമായാലേ യഥാർഥ മുസ്‌ലിമായി ജീവിക്കാനാകൂ എന്നത് മൗദൂദിക്ക് മുമ്പും പലരും പറഞ്ഞിട്ടുണ്ടെന്ന് വീരവാദം മുഴക്കുന്നവർക്ക് അത് തെളിയിക്കേണ്ട ബാധ്യതയുമുണ്ടല്ലോ.**

മുന്നിട്ടു വന്നത്. ദേശീയത, ജനങ്ങളാൽ മാത്രം നിർവഹിക്കപ്പെടുന്ന ജനാധിപത്യം എന്നീ പാശ്ചാത്യാശയങ്ങളെ അദ്ദേഹം എതിർത്തു. എന്നാൽ, പാശ്ചാത്യശക്തികളുടെ സാങ്കേതിക വിദ്യയെ സ്വീകരിക്കുകയും ചെയ്തു" (പേജ് 20).

ഇബാദത്തിന് 'അടിമത്തം, അനുസരണം, ആരാധന' എന്നിങ്ങനെ മൂന്ന് അർഥങ്ങളും നൽകണമെന്നു പറഞ്ഞ്, പുതിയ വ്യാഖ്യാനം നൽകി സാക്ഷ്യവാക്യത്തിന്റെ അർഥത്തെ വികലമാക്കിയ മൗദൂദിയുടെ തെറ്റായ ചിന്തയെയാണ് ലേഖകൻ ഇപ്രകാരം പരിചയപ്പെടുത്തിയത്. ജനാധിപത്യ അന്തരീക്ഷമുള്ള രാജ്യത്ത് ഒരു മുസ്‌ലിമായി ജീവിക്കാനും പ്രവർത്തിക്കാനുമുള്ള 'സ്വാതന്ത്ര്യം' എന്ന അനുഗ്രഹത്തെ വെല്ലുവിളിച്ചുകൊണ്ടാണല്ലോ തന്റെ രാഷ്ട്രീയ വീക്ഷണവുമായി മൗദൂദി രംഗത്തിറ ങ്ങിയത്. പുതിയ വ്യാഖ്യാനത്തിനു വേണ്ടി ഖവാരിജുകൾ, ശിയാക്കൾ എന്നീ വ്യതിയാന കക്ഷികളെയാണ് യഥാർഥത്തിൽ മൗദൂദി മാതൃകയാക്കിയത്.

ലേഖകൻ വീണ്ടും എഴുതുന്നു: "മൗദൂദിയിൽ ആധുനികതയുടെ അംശങ്ങൾ വേണ്ടുവോളമുണ്ടായിരുന്നു. ആധുനികതയുടെ രീതിശാസ്ത്രമായ യുക്തിചിന്തയാണ് മൗദൂദി കൃതികളിൽ പൊതുവെ കാണുന്നത്. സാധാരണ മതപണ്ഡിതരെ പോലെ വിശ്വാസത്തിന്റെ വൈകാരികതക്ക് പകരം സംവാദാത്മകത അദ്ദേഹം മുന്നോട്ടു വെച്ചു" (പേജ് 20).

മൗദൂദിക്കു പറ്റിയ പിഴവിന്റെ മൂലകാരണം പ്രമാണങ്ങൾ പഠിപ്പിച്ച വിശ്വാസം പിൻപറ്റാതെ 'യുക്തി ചിന്ത' തെളിവാക്കി എന്നതാണ്. മതത്തിന്റെ സ്വതസിദ്ധമായ പ്രബോധന ശൈലി കാത്തുസൂക്ഷിച്ച് പോരുന്ന അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാരെ വില കുറച്ചു കാണിച്ച് സമുദായത്തെ സങ്കീർണതയിലേക്കു തള്ളിയിട്ട മൗദൂദിയുടെ പ്രവർത്തനങ്ങളെ 'സംവാദാത്മകത' എന്നു വിശേഷിപ്പിച്ച് നേർപ്പിക്കാനാണ് ലേഖകൻ ശ്രമിക്കുന്നത്.

ലേഖകൻ പറയുന്നു: "ഇസ്‌ലാം സമഗ്രമാണ്, ഇസ്‌ലാമിക രാഷ്ട്രത്തിലല്ലാതെ വിശ്വാസം പൂർണമാകില്ല എന്ന നിലപാടായിരുന്നു സംഘടനയുടെ മുഖമുദ്ര. സമഗ്ര ഇസ്‌ലാം എന്ന ആശയത്തോട് വിശ്വാസികളിൽ ഭൂരിപക്ഷത്തിനും എതിർപ്പുണ്ടാകാൻ സാധ്യതയില്ല. പക്ഷേ, പ്രകടമായ വ്യത്യാസം ഇസ്‌ലാമിക വിശ്വാസം പൂർണമാകുന്നത് ഇസ്‌ലാമിക രാഷ്ട്രത്തിൽ മാത്രമായിരിക്കും എന്നതിലായിരുന്നു. മൗദൂദിക്ക് മുമ്പും പല ഇസ്‌ലാമിക ചിന്തകരും ഈ ആശയം അവതരിപ്പിച്ചിരുന്നു" (പേജ് 21).

'ഇസ്‌ലാമിന്റെ സമഗ്രത'ക്കു വേണ്ടി പോരാടിയ മൗദൂദി സാഹിബ് ദീനിനെയും ഇബാദത്തിനെയും വ്യാഖ്യാനിച്ചതിന്റെ കോലമൊന്ന് കാണുക: "ദീൻ എന്നാൽ യഥാർത്ഥത്തിൽ സ്റ്റേറ്റ് ആണെന്നും ശരീഅത്ത് എന്നത് ആ സ്റ്റേറ്റിന്റെ നിയമ വ്യവസ്ഥ ആണെന്നും ആ നിയമപദ്ധതി അനുസരിച്ച് ജീവിതം നയിക്കുന്നതിനാണ് ഇബാദത്ത് എന്ന് പറയപ്പെടുന്നതെന്നുമുള്ള സംഗതി വ്യക്തമായിത്തീ ർന്നതുമാകുന്നു" (ഖുതുബാത്).

ദീൻ, ശരീഅത്ത്, ഇബാദത്ത് എന്നീ പദങ്ങൾക്ക് തന്റേതായ രാഷ്ട്രീയ വ്യാഖ്യാനം നൽകിയ മൗദൂദി സ്വപ്നം കണ്ടത് മതരാഷ്ട്രമായിരുന്നു എന്നതിന് ഇതിൽ കൂടുതൽ തെളിവൊന്നും

ആവശ്യമില്ല. ഈ പദങ്ങൾക്ക് ഇങ്ങനെയൊരു അർഥവും വ്യാഖ്യാനവും അഹ്‌ലുസ്സുന്നയുടെ ഏതെങ്കിലുമൊരു പണ്ഡിതൻ നൽകിയത് എടുത്തുദ്ധരിക്കാൻ ജമാഅത്തുകാർ സന്നദ്ധരായിട്ടുമില്ല! ഇസ്‌ലാമിക രാഷ്ട്രം സ്ഥാപിതമായാലേ യഥാർഥ മുസ്‌ലിമായി ജീവിക്കാനാകൂ എന്നത് മൗദൂദിക്ക് മുമ്പും പലരും പറഞ്ഞിട്ടുണ്ടെന്ന് വീരവാദം മുഴക്കുന്നവർക്ക് അത് തെളിയിക്കേണ്ട ബാധ്യതയുമുണ്ടല്ലോ.

### ഏട്ടിൽ കുടുങ്ങിയ ‘മതരാഷ്ട്ര വാദം’

ലേഖകൻ എഴുതുന്നു: “85 കൊല്ലത്തെ ദീർഘ ചരിത്രം സംഘടനക്കുണ്ട്. അത് ഇസ്‌ലാമിക രാഷ്ട്രത്തിനായി ശ്രമിച്ചുവെങ്കിൽ എന്തെങ്കിലും അടയാളങ്ങൾ സാമൂഹിക ശരീരത്തിൽ കാണുമായിരുന്നു. ഇതിനർഥം എല്ലാവരും മുറവിളി കൂട്ടിക്കൊണ്ടിരിക്കുന്ന ഈ രാഷ്ട്രവാദം വെറും ഏട്ടിലെ പശു മാത്രമായിരുന്നു എന്നതാണ്” (പേജ് 21).

മതരാഷ്ട്ര വാദം കുത്തിനിറച്ച, മൗദൂദിയുടെ എണ്ണമറ്റ രചനകൾ പുറത്തിറക്കിയവരാണ് ഇങ്ങനെ പറയുന്നതെന്ന് ഓർക്കുക! ആ രചനകളെല്ലാം വെറും ‘ഏട്ടിലെ പശു’വിനെ വ്യാഖ്യാനിച്ചതാണെങ്കിൽ അതെല്ലാം കത്തിച്ചുകളയാനോ പിൻവലിക്കാനോ ജമാഅത്തെ ഇസ്‌ലാമി നേതൃത്വം തയ്യാറാകേണ്ടതല്ലേ?

ജമാഅത്തിന്റെ മൗദൂദിയൻ ചിന്തകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായല്ലേ മൗദൂദി എഴുതിയ ‘തഫ്ഹീമുൽ ഖുർആൻ’ ഇന്നും വ്യാപകമായി വിറ്റഴിക്കുന്നത്? മൗദൂദിയുടെ വാദങ്ങൾ ശരിയല്ലെങ്കിൽ അതു വിറ്റ് കാശുണ്ടാക്കുന്നത് ശരിയാണോ? മൗദൂദിയൻ ചിന്തകൾക്ക് മുക്കാൽ നൂറ്റാണ്ടോളം വശംവദരായതിന്റെ ഭവിഷ്യത്ത് സംഘടനയുടെ ഭാവിയെ കൂടുതൽ കുഴപ്പത്തിലാക്കുമെന്ന് തിരിച്ചറിഞ്ഞതു കൊണ്ടല്ലേ നയപരമായ നിലപാടുകൾ പോലും തിരുത്തിയെഴുതേണ്ടി വന്നത്?

ജമാഅത്തെ ഇസ്‌ലാമിയുടെ ആശയപരമായ അടിവേര് മതരാഷ്ട്ര വാദം തന്നെയാണ് എന്നത് ലേഖകൻ തുറന്നു പറയുന്നത് കാണുക: “സംഘടനതന്നെ അവരുടെ രാഷ്ട്രീയ നയം ഇസ്‌ലാമിക രാഷ്ട്രം (ഹുകൂമത്തെ ഇലാഹി) എന്നതിൽനിന്ന് ഇഖാമത്തുദ്ദീൻ (മതത്തെ ശക്തിപ്പെടുത്തുക) എന്നതിലേക്ക് മുമ്പേ മാറ്റിയിരിക്കുന്നു. ഇതെല്ലാം കാണിക്കുന്നത് അവരുടെ ഇസ്‌ലാമിക രാഷ്ട്രവാദം വെറും ഏട്ടിലെ പശു മാത്രമായിരുന്നു എന്നാണ്” (പേജ്,21)

‘ഹുകൂമത്തെ ഇലാഹി’യിനിന്ന് ‘ഇഖാമത്തുദ്ദീനി’ലേക്കുള്ള ഈ ചാട്ടം പദപരമായി മാത്രമുള്ളതാണെന്നും അടിസ്ഥാനവിശ്വാസം ഒളിപ്പിച്ചുകൊണ്ടുള്ള ഇരട്ടത്താപ്പും പ്രമാണങ്ങൾകൊണ്ടുള്ള വിചാരണയെ പേടിച്ചുള്ള ഒളിച്ചോട്ടവും മാത്രമാണെന്ന് തിരിച്ചറിയാൻ അതിബുദ്ധിയൊന്നും വേണ്ട.

### തിരശ്ശീലക്കു പിന്നിലെ താൽപര്യങ്ങൾ!

ജമാഅത്തെ ഇസ്‌ലാമി കേരളത്തിൽ സ്ഥാപിതമായതിന്റെ പിന്നാമ്പുറ കഥ ലേഖകൻ എഴുതുന്നു: “1940കളിൽ ഹാജി സാഹിബ് എന്ന് വിളിക്കപ്പെടുന്ന വി.പി മുഹമ്മദലി മൗദൂദിയുടെ ആശയങ്ങളിൽ ആകൃഷ്ടനായി പത്താൻകോട്ട് പോയി അദ്ദേഹത്തെ സന്ധിച്ച്, കുറച്ച് കാലത്തിന് ശേഷം ജമാഅത്തിന്റെ കേരള ഘടകം രൂപീകരിച്ചു” (പേജ് 23).

‘മൗദൂദിയുടെ ആശയങ്ങളിൽ ആകൃഷ്ടനായി’ എന്ന പ്രയോഗം ശ്രദ്ധിക്കുക. ശിർക്കിനും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരിൽ പോരാടാനല്ല, പുതിയ ആശവുമായിട്ടാണ് മൗദൂദി രംഗത്തു വന്നത്. ആ ആശയത്തിന്റെ വിത്തുപാകാനാണ് ഹാജി സാഹിബിന്റെ നേതൃത്വത്തിൽ ജമാഅത്തിന്റെ കേരള ഘടകം രൂപീകരിച്ചത്.

ലേഖകൻ തുടരുന്നു: “ജമാഅത്ത് പാരമ്പര്യ പ്രസ്ഥാനങ്ങളുടെ അന്ധവിശ്വാസങ്ങൾ അംഗീകരിച്ചിരുന്നില്ലെങ്കിലും അത് സ്വന്തമായ വ്യക്തിത്വവും വീക്ഷണവും ഉള്ളതായിരുന്നു. എന്നാൽ, അവ കൈവെടിഞ്ഞ് സലഫിസത്തിന്റെ സ്വാധീനത്തിൽ പെട്ടുപോയതുകൊണ്ട് രണ്ട് തരത്തിലുള്ള ലഘൂകരണങ്ങളാണ് സംഭവിച്ചത്” (പേജ്,23)

ഒരു ശരാശരി ജമാഅത്തുകാരൻ അന്ധവിശ്വാസങ്ങളെ പ്രതിരോധിക്കാതെ നിശ്ശബ്ദനായി നിലകൊള്ളും എന്നാണ് ഇപ്പറഞ്ഞതിൽനിന്നും വ്യക്തമാകുന്നത്. എന്താണ് ജമാഅത്തിന്റെ, പാരമ്പര്യ പ്രസ്ഥാനങ്ങളുടെ അന്ധവിശ്വാസങ്ങളിലുള്ള ‘സ്വന്തമായ വ്യക്തിത്വവും വീക്ഷണ’വും? അത്, മൗനം തന്നെ! സലഫിസത്തിന്റെ സ്വാധീനത്തിൽ പെട്ടുപോയതുകൊണ്ട് ചിലർക്കെങ്കിലും അന്ധവിശ്വാസങ്ങളെയും മറ്റും നിസ്സാരമായി കാണാതിരിക്കാൻ കഴിഞ്ഞല്ലോ!

“ഇക്കാലളവിൽ മറ്റു നവോത്ഥാന പ്രസ്ഥാനങ്ങളും ഇവിടെ വേരാഴ്ത്തിക്കൊണ്ടിരുന്നു. എന്നാൽ, ക്രമേണ നവോത്ഥാന പ്രസ്ഥാ

നങ്ങളിൽ പലതും ആധുനീകരണ പ്രക്രിയയിൽനിന്ന് പിന്മടങ്ങുകയും സലഫി ആശയങ്ങളാൽ ഏകശിലാത്മകമാവുകയും ചെയ്തു. ജമാഅത്തെ ഇസ്‌ലാമിയിലും ഈ സലഫി സ്വാധീനം ശക്തമായിരുന്നു" (പേജ് 23).

പ്രമാണങ്ങളിൽ ഊന്നിയുള്ള സലഫികളുടെ പ്രബോധനം പലരെയും സ്വാധീനിച്ചതിനെ ലേഖകൻ എടുത്തുപറഞ്ഞത് അഭിനന്ദാർഹമാണ്. മനസ്സിനെ മരവിപ്പിക്കുന്ന പല രൂപങ്ങളിലുള്ള മ്യൂസിക്കുകളുടെയും വിശ്വാസത്തെ മലിനമാക്കുന്ന സൂഫിസമാകുന്ന ഭ്രാന്തിന്റെയും അപകടത്തിൽ നിന്ന് സലഫികൾ കാരണമായി പലരും രക്ഷപ്പെട്ടതിനെയാണ് ലേഖകൻ വ്യംഗ്യമായി സൂചിപ്പിക്കുന്നത്. എന്നാൽ ജമാഅത്തെ ഇസ്‌ലാമി ഈ രണ്ടു ഫിത്നകളോട് ഇന്നും ഇണങ്ങിക്കൊണ്ടുതന്നെയാണ് കഴിയുന്നത്!

പ്രബോധന വഴിയിൽ സലഫികൾ ഒരു നൂറ്റാണ്ട് പിന്നിട്ടിട്ടും മത, രാഷ്ട്രീയ, സാമൂഹ്യ രംഗങ്ങളിലെ ചടുലമായ ഇടപെടലുകളിൽനിന്ന് അവർ അണുഅളവ് പിറകോട്ടു പോയിട്ടില്ലെന്നത് അനിഷേധ്യമായ കാര്യമാണ്. ജമാഅത്ത് നേതാവായിരുന്ന ഒ.അബ്ദുല്ല സാഹിബിന്റെ നിരീക്ഷണം കൂടി വായിക്കാം:

"മുജാഹിദ് പ്രസ്ഥാനത്തിന്റെ സജീവസാന്നിധ്യമുണ്ടായിരുന്നില്ലെങ്കിൽ അയൽഗ്രാമങ്ങളെപ്പോലെ, രോഗം ബാധിച്ചാൽ തങ്ങന്മാരെയും സിദ്ധന്മാരെയും സമീപിച്ച് നൂലും വെള്ളവും മന്ത്രിച്ച് പ്രസവവേദന വന്നാൽ പിഞ്ഞാണം എഴുതിക്കുടിച്ചും ഈ ഗ്രാമം ഘനാന്ധകാരത്തിൽ കഴിയേണ്ടിവരുമായിരുന്നു. 1940കളുടെ ആദ്യത്തിൽ തന്നെ സകല അന്ധവിശ്വാസങ്ങളും വലിച്ചെറിഞ്ഞ് ചുറ്റുപാടുകൾക്ക് പേടിസ്വപ്നമാകുമാറ് നവോത്ഥാനത്തിന്റെ വിപ്ലവപതാകയുമായി രംഗത്തിറങ്ങാൻ ഞങ്ങളുടെ ഗ്രാമത്തെ അണിയിച്ചൊരുക്കിയത് മുജാഹിദ് പ്രസ്ഥാനമാണ്. അവർ കാടുവെട്ടിത്തെളിച്ച് ഉഴുതു ശരിപ്പെടുത്തിയതിൽ വിളയിറക്കുക മാത്രമാണ് ജമാഅത്തെ ഇസ്‌ലാമി ചെയ്തത്" (ശത്രുക്കളല്ല; സ്നേഹിതർ, പേജ് 43).

ലേഖകൻ വീണ്ടും എഴുതുന്നു: "സലഫിസം എന്ന് ഞാൻ ഉദ്ദേശിക്കുന്നത് ഇസ്‌ലാമിലെ പേഗൻ സ്വാധീനങ്ങളെ കൈവെടിഞ്ഞ് തൗഹീദിനെ മാത്രം ഏകാടിത്തറയാക്കുന്ന ആശയത്തെയാണ്" (പേജ് 23).

ജമാഅത്തെ ഇസ്‌ലാമി വച്ചുപുലർത്തുന്ന, എല്ലാ മതവിശ്വാസങ്ങളോടും പൊരുത്തപ്പെട്ടുപോവുക യെന്ന 'മതമൈത്രി'മുഖമാണ് ലേഖകൻ ഇവിടെ വെളിപ്പെടുത്തിയത്. അതുകൊണ്ടാണല്ലോ സലഫി കളെ 'പേഗൻ' (മറ്റു മതവിശ്വാസങ്ങൾ) സ്വാധീനങ്ങളെ കൈവെടിഞ്ഞവർ എന്നു പരിഹസിക്കുന്നത്. ഞങ്ങൾ മാത്രമാണ് ഇസ്‌ലാമിന്റെ സമഗ്രതയെ ഉൾക്കൊള്ളുന്നവർ എന്ന് അഭിമാനിക്കുകയും അതേസമയം ദീനിന്റെ അടിത്തറയാകുന്ന തൗഹീദിനെ നിസ്സാരമായും ജാറപൂജയെ എതിർക്കുന്നതിനെ ശ്മശാന വിപ്ലവമായും കാണുന്നവർ സലഫികളെ നിന്ദിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. ഇസ്‌ലാമേതര ഭരണകൂടത്തെ അനുസരിക്കലാണല്ലോ അവരുടെ വീക്ഷണത്തിലെ ശിർക്ക്. സലഫികൾ ഇതരമത സഹോദരോട് നല്ലബന്ധം വച്ചുപുലർത്തുന്നവർ തന്നെയാണ്; അതിന് അവരുടെ ആദർശവുമായി ഇഴുകിച്ചേരാറില്ലെന്നു മാത്രം.

**പ്രവാചകന്മാരുടെ നിയോഗവും വേദഗ്രന്ഥങ്ങൾ അവതരിച്ചതും തൗഹീദിന്റെ പ്രബോധനത്തിനും ഉന്നമനത്തിനും വേണ്ടിയാണ്. അല്ലാഹുവിനെ മാത്രമെ ആരാധിക്കാവൂ, അവനോടു മാത്രമെ പ്രാർഥിക്കാവൂ എന്ന് സലഫികൾ പറഞ്ഞുകൊണ്ടേയിരിക്കും. അങ്ങനെ ചെയ്യുന്നതിൽ അപകർഷമുള്ള വർക്ക് അതു ചെയ്യാതിരിക്കാം.**




പ്രവാചകന്മാരുടെ നിയോഗവും വേദഗ്രന്ഥങ്ങൾ അവതരിച്ചതും തൗഹീദിന്റെ പ്രബോധനത്തിനും ഉന്നമനത്തിനും വേണ്ടിയാണ്. അല്ലാഹുവിനെ മാത്രമെ ആരാധിക്കാവൂ, അവനോടു മാത്രമെ പ്രാർഥിക്കാവൂ എന്ന് സലഫികൾ പറഞ്ഞുകൊണ്ടേയിരിക്കും. അങ്ങനെ ചെയ്യുന്നതിൽ അപകർഷമുള്ളവർക്ക് അതു ചെയ്യാതിരിക്കാം. ■



# ഗർഭാശയമുഖ ക്യാൻസർ: വാക്സിൻ രംഗത്തെ പുതിയ പ്രതീക്ഷകൾ

ഡോ. സലീല കെ, കോട്ടക്കൽ

ഇന്ന് മെഡിക്കൽ സയൻസ് ക്യാൻസറിനെതിരെ നടത്തുന്ന ഏറ്റവും വലിയ പോരാട്ടങ്ങളിലൊന്നാണ് HPV വാക്സിൻ. ഇന്ത്യയിൽ ഓരോ വർഷവും എൺപതിനായിരത്തോളം സ്ത്രീകൾ ഗർഭാശയഗള അർബുദം (Cervical Cancer) കൊണ്ടു മരണമടയുന്നു. ലോകത്ത് ഈ ക്യാൻസർ മൂലം മരിക്കുന്ന ഓരോ 4 പേരിൽ ഒരാൾ ഇന്ത്യക്കാരിയാണ് എന്നാണു കണക്കുകൾ സൂചിപ്പിക്കുന്നത്. ബ്രസ്റ്റ് ക്യാൻസർ കഴിഞ്ഞാൽ സ്ത്രീകളെ ഏറ്റവും കൂടുതൽ ബാധിക്കുന്നതാണ് സെർവൈകൽ ക്യാൻസർ. സെർവൈകൽ ക്യാൻസർ മൂലമുണ്ടാകുന്ന മരണങ്ങളിൽ 95% ത്തിലധികവും നമുക്ക് ഒരു കുത്തിവയ്പ്പു കൊണ്ട് തടയാൻ കഴിയുമെന്നത് ഓർക്കണം. ഇന്ത്യയിലിപ്പോൾ ഏറ്റവും പ്രധാനപ്പെട്ട വാക്സിനുകളിലൊന്നായി ഇതിനെ കണക്കാക്കുന്നു.

2026 ഫെബ്രുവരി 28ന് ഇന്ത്യാഗവണ്മെന്റ് രാജ്യവ്യാപകമായി HPV വാക്സിനേഷനാരംഭിച്ചു. കേരളത്തിലും ഇപ്പോൾ സർക്കാർ ആശുപത്രികളിൽ സൗജന്യമായി ഇത് ലഭ്യമാണ്.

**1. എന്താണ് HPV?**

Human Papillomavirus എന്നത് ലൈംഗിക ബന്ധത്തിലൂടെ പകരുന്ന ഒരു വൈറസാണ്. 80% പേർക്കും ജീവിതത്തിലൊരിക്കലെങ്കിലും ഈ അണുബാധ ഏൽക്കാനിടയുണ്ടെങ്കിലും അതു കൂടുതൽ സങ്കീർണ തകളിലേക്ക് കടക്കാതെ മാറിപ്പോവുകയാണു പതിവ്. എന്നാൽ ചിലരിൽ ഇത് കാര്യമായ അണുബാധയിലേക്കും സെർവൈകൽ ക്യാൻസർ (ഗർഭാശയഗള അർബുദം), ജനനേന്ദ്രിയത്തിലെ അരിമ്പാറ (Genital Warts) എന്നീ അവസ്ഥകളിലേക്കും വഴിമാറുന്നു.

കണക്കുകൾ പ്രകാരം ഇന്ത്യയിൽ വർഷം 1,20,000 സ്ത്രീകൾക്ക് സെർവൈകൽ ക്യാൻസർ ബാധിക്കുന്നുണ്ട്. ഇതിൽ 80,000 പേർ മരണപ്പെടുന്നു. 80% ഉം ഉണ്ടാകുന്നത് HPV 16, 18 എന്നീ ടൈപ്പു കൊണ്ടാണ്.

**2. HPV വാക്സിൻ എങ്ങനെ എടുക്കാം?**

സർക്കാറിന്റെ സൗജന്യ പദ്ധതി പ്രകാരം 15 വയസ്സും 3 മാസവും ആയ പെൺകുട്ടികൾക്ക് -1 ഡോസ് Gardasil-4. ഇതിന് U-WIN പോർട്ടലിൽ രജിസ്റ്റർ ചെയ്യണം. ഇവിടെ രക്ഷിതാവിന്റെ സമ്മതം അനിവാര്യമാണ്.

പ്രൈവറ്റായി 9 മുതൽ 45 വയസ്സുവരെയുള്ളവർക്ക് എടുക്കാൻ സൗകര്യമുണ്ട്.

പെൺകുട്ടികൾക്ക് ഫസ്റ്റ് ഡോസ് 9-14 വയസ്സ്: രണ്ടു ഡോസ് 6 മാസത്തെ ഇടവേളയിലാണ് എടുക്കേണ്ടത്.

15-45 വയസ്സുള്ള സ്ത്രീകൾ: 3 ഡോസ്- 0, 2, 6 മാസത്തെ ഇടവേളകളിലാണ് എടുക്കേണ്ടത്.

**ആൺകുട്ടികൾക്കും പുരുഷന്മാർക്കും**

HPV ആൺകുട്ടികളിൽ ജനനേന്ദ്രിയ അരിമ്പാറ, തൊണ്ടയിലെ ക്യാൻസർ, മലദ്വാര ക്യാൻസർ എന്നിവ ഉണ്ടാക്കാനിടയാവുന്നു. അതുകൊണ്ട് ആൺകുട്ടി കൾക്കും ഈ വാക്സിനേഷൻ ശുപാർശ ചെയ്യുന്നുണ്ട്. 9 മുതൽ 26 വയസ്സുവരെയാണ് ഫലപ്രദമായ സമയം.

**3. ഇന്ത്യയിൽ കിട്ടുന്ന വാക്സിനുകൾ**

Gardasil-4: 4 ടൈപ്പുകൾക്കെതിരെ (16,18 ക്യാൻസർ ഉണ്ടാക്കുന്നത്, 6,11-അരിമ്പാറയുണ്ടാ ക്കുന്നത്).

Gardasil-9: 9 ടൈപ്പുക ൾക്കെതിരെ - ഏറ്റവും കൂടുതൽ സംരക്ഷണം, പക്ഷേ, വില കൂടുതൽ.

Cervavac (Serum Institute, ഇന്ത്യൻ നിർമിതം): 4 ടൈപ്പുകൾക്കെതിരെ. വില കുറവ്. ഇതിന് 2 ഡോസ് വേണം

**4. HPV വാക്സിനേഷൻ സുരക്ഷിതമാണോ?**

ലോകത്ത് ഇതുവരെ 2006 മുതൽ 50 കോടി ഡോസ് നൽകി കഴിഞ്ഞു. വളരെ സുരക്ഷിതമാണ്.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

- സാധാരണയായി, കുത്തിയ ഭാഗത്ത് ചെറിയ വേദന, ചുവപ്പ്, നീര്, നേരിയ പനി, തലവേദന എന്നിവയാണ് പാർശ്വഫലങ്ങൾ
- കുത്തിവയ്പിനു ശേഷം 30 മനുട്ട് ആശുപത്രിയിൽ നിരീക്ഷണത്തിൽ ഇരിക്കണം. വന്ധ്യത, നേരത്തെയുള്ള ആർത്തവവിരാമത്തിനു കാരണമാകുന്നു തുടങ്ങിയ പ്രചാരണങ്ങൾ അടിസ്ഥാനരഹിതമാണ്.
- വാക്സിൻ 90% ക്യാൻസറിനെ തടയുമെങ്കിലും 10% ക്യാൻസർ സാധ്യത ബാക്കി നിൽക്കുന്നതി നാൽ 30 വയസ്സിനു ശേഷം 3 വർഷം കൂടുമ്പോൾ Pap Test ചെയ്യേണ്ടതാണ്.

വിവാഹം കഴിഞ്ഞവർക്കും കുട്ടികളുള്ളവർക്കും വാക്സിൻ എടുക്കാമെങ്കിലും ഏറ്റവും ഫലപ്രദം വിവാഹത്തിനു മുന്നേ എടുക്കുന്നതാണ്. ഗർഭാവസ്ഥയിൽ ഇത് അഭികാമ്യമല്ല.

ലോകാരോഗ്യ സംഘടന ഈ വാക്സിനെ 'Cancer Preventing Vaccine' (ക്യാൻസറിനെ തടയുന്ന വാക്സിൻ) എന്നാണു വിളിക്കുന്നത്. മറ്റു വാക്സിനുകൾ പോലെ, ഇതും നമ്മുടെ പെൺമക്കൾക്ക് നൽകേണ്ട ജീവൻ രക്ഷാകവചമാണ്. തെറ്റിദ്ധാരണമൂലം ഇതു നൽകാതിരിക്കരുത്. ■

# തിരികെ വരുമോ?

നസീമ
വാടാനപ്പള്ളി



ഇനി നിനക്കാകുമോ തിരികെ വരാൻ?

ഇനി നമുക്കാകുമോ കൂടെയിരിക്കാൻ?'

യാത്രയിലെപ്പോഴോ കേട്ടതാണെങ്കിലും ആ ഈരടികൾ അവളുടെ കാതിൽ മുഴങ്ങിക്കൊണ്ടേയിരുന്നു. ആ മധ്യവയസ്കയുടെ മനസ്സ് അസ്വസ്ഥമായിരുന്നു. മരണചിന്ത അനിർവചനീയമായ ഒരു വികാരമായി അവളിൽ തങ്ങിനിൽപായിരുന്നു. 'മരണം'-നിനച്ചിരിക്കാത്ത സമയത്ത്, യാത്രപോലും പറയാനാകാതെ തിരിച്ചുവരവില്ലാത്ത ഒരു യാത്ര.

ഓരോ യാത്ര കഴിഞ്ഞെത്തുമ്പോഴും അനുഭവങ്ങളുടെ വാചാലതയുമായി എന്നിലേക്ക് ഓടിയണയുന്നവൻ. അവനിന്നെവിടെയാണ്? അല്ലാഹ്, നീ തണലേകണേ. അവളുടെ തൊണ്ടയിൽ ശക്തിയായ വേദന അനുഭവപ്പെട്ടു. മിഴികളിലൂറിയ ജലകണങ്ങൾ കാഴ്ചക്ക് മങ്ങലേൽപിച്ചു. വിടപറഞ്ഞിട്ട് വർഷങ്ങളേറെ കഴിഞ്ഞെങ്കിലും അവളിൽ, നല്ലപാതിയുടെ ഓർമകൾ കൊളുത്തിട്ട് വലിക്കുന്നുണ്ടായിരുന്നു.

നിന്റെ വാചാലതകൾ എന്നിൽ നിറഞ്ഞപ്പൊഴൊക്കെയും ഞാനൊരു കിലുക്കാംപെട്ടി പോൽ തുള്ളിത്തുളുമ്പുമായിരുന്നു. ഇന്നു നിന്റെ വാചാലതയില്ല. അല്ലെങ്കിലും അനുഭവക്കുറിപ്പെഴുതാൻ കഴിയാത്ത ദുനിയാവിലെ ഏകാനുഭവം മരണമാണല്ലോ; താൻ ചെയ്ത കർമങ്ങളിലേക്കുള്ള പ്രവേശനകവാടം. റബ്ബേ, നീ അദ്ദേഹത്തിന് തണലേകണേ...

നല്ല പാതിയുടെ ഓർമകളിൽ അവൾ വല്ലാതെ നീറിപ്പുകഞ്ഞു. മൗനത്തിന്റെ നിറം മങ്ങിയ തുണ്ടിൽ വാക്കുകൾ പൊതിഞ്ഞിരിക്കയാണ്. ചിന്തകൾ കാടുകേറുകയായിരുന്നു. ഏകാന്തതയുടെ മരംകോച്ചുന്ന തണുപ്പിൽ അവൾ വിറക്കുന്നുണ്ടായിരുന്നു. നിന്നിലൂടെ റബ്ബെനിക്കു തന്ന പൂമുത്തുകൾക്ക് എന്റെ മൗനത്തിൻ മങ്ങിയ കടലാസുകൾക്ക്

നിറംപകരാൻ കഴിയാഞ്ഞതെന്തേ? എവിടെയാണ് നമുക്കു തെറ്റിയത്? തെറ്റിയത് അവർക്കാണോ? ചിന്തകൾ പിടുത്തം വിടുമെന്നായപ്പോൾ അവൾ റബ്ബിലേക്ക് അഭയം തേടി.

'തന്റെ അടിമക്ക് അല്ലാഹു മതിയായവനല്ലയോ?'

അതെ, എനിക്ക് എന്റെ റബ്ബ് മതി. അവൾ അത് ഉരുവിട്ടുകൊണ്ടേയിരുന്നു. അല്ലെങ്കിൽതന്നെ മറ്റെന്തു കൊണ്ടാണ് മനുഷ്യമനസ്സിന് സമാധാനം കിട്ടുക?

'അല്ലാഹുവിനെക്കുറിച്ചുള്ള ഓർമകൊണ്ടത്രെ ഹൃദയങ്ങൾ ശാന്തമാകുന്നത്.'

അതെ, അവളുടെ ഹൃദയത്തിന്റെ ഭാരം കുറഞ്ഞുവന്നിരുന്നു.

'അല്ലാഹു എന്റെ റബ്ബാണ്, അവനിൽ ഞാനൊന്നിനെയും പങ്കുചേർക്കുകയില്ല.'

പ്രയാസങ്ങളിൽ നിന്നും രക്ഷപ്പെടാൻ റസൂൽ(സ്വ) പഠിപ്പിച്ച പ്രാർഥനകൾ അവൾ ആവർത്തിച്ചു കൊണ്ടേയിരുന്നു.

മനസ്സൊന്നു തണുത്തപ്പോൾ അവൾ തന്റെ മൊബൈൽ ഫോൺ കയ്യിലെടുത്തു. സോഷ്യൽ മീഡിയയിൽ കണ്ട ആ വീഡിയോ വല്ലാതെ വേദനിപ്പിക്കുന്നതായിരുന്നു. സ്വന്തം പിതാവിന്റെ അന്ത്യകർമങ്ങൾ അമേരിക്കയിലുള്ള മകളും കുടുംബവും വീഡിയോ കാളിലൂടെ കാണുന്ന രംഗം. കർമങ്ങൾ നടത്തുന്നതിനു നേതൃത്വം വഹിക്കുന്നത് വൃദ്ധസദനത്തിലെ തികച്ചും അന്യരായ ആളുകളാണ്. കർമങ്ങൾ നീണ്ടുപോകുന്തോറും അവൾ അക്ഷമയാകുകയും തീരാനായില്ലേയെന്ന് അമർഷത്തോടെ ചോദിക്കുകയും ചെയ്യുന്നുണ്ട്!

റബ്ബേ, ആർക്കും ഈ ഗതി വരുത്തല്ലേ. പണവും സൗകര്യങ്ങളും കൊടുത്താൽ മാതാപിതാക്കളോടുള്ള കടമ തീർന്നെന്ന് കരുതുന്ന ന്യൂജെൻ! ബന്ധങ്ങളും മൂല്യങ്ങളും നഷ്ടപ്പെട്ടു പോകുകയാണ്. കാമുകനുവേണ്ടി മക്കളെപ്പോലും കൊല്ലുന്ന മാതൃത്വത്തിന്റെ കാലമാണല്ലോ! റബ്ബേ, എന്നെയും മക്കളെയും വരും തലമുറകളെയും നന്മയിൽ നിലനിറുത്തണേ... അവർ മനസ്സുരുകി പ്രാർഥിച്ചു.

അവൾ വാട്സാപ്പ് തുറന്നു. 'ഫാമിലി കോർണർ' എന്ന ഗ്രൂപ്പ് ആദ്യമേ പിൻചെയ്തുവച്ചിട്ടുണ്ട്. ജീവിതത്തിന് പൊലിമ കൂട്ടാൻ കടൽതാണ്ടിപ്പോയ മൂന്നു മക്കളുണ്ട്. ആ മക്കൾക്കു പറന്നുയരാൻ സ്വയം തടവിലായ മാതാവ്! അവരായിരുന്നു 'ഫാമിലി കോർണറിലെ അംഗങ്ങൾ. കാണാൻ പൂതി പറയുമ്പോഴൊക്കെയും ജോലിയും തിരക്കുമായിരുന്നു മറുപടികൾ.

അവൾ ആ ഗ്രൂപ്പിൽ തന്റെ മൂന്നു മക്കൾക്കുമായി ഒരു മെസ്സേജ് അയച്ചു:

"അസ്സലാമു അലയ്കും.

ഉമ്മാന്റെ പൊന്നുമക്കൾക്ക്, മക്കളേ... നിങ്ങൾക്കു ഞാൻ ഒരു മാസത്തെ വേതനം തരാം. ഉമ്മാന്റെ കുഞ്ഞുങ്ങളായി ഉമ്മാന്റിഷ്ടങ്ങൾക്ക് ഒരു മാസമെങ്കിലും ഒന്നു കൂടെക്കഴിയാമോ? കൊച്ചുനാളിൽ നിങ്ങളെ എന്നെയേൽപിച്ച് നിങ്ങളുടെ വാപ്പ റബ്ബിലേക്ക് യാത്രയായപ്പോൾ ഒരാപത്തും പറ്റാതിരിക്കാൻ നിങ്ങളെ ചിറകിനുള്ളിൽ ഒതുക്കിവച്ചു. അപ്പോഴൊക്കെയും നിങ്ങൾ പറന്നുയരുന്നതോടൊപ്പം പറന്നുയരുമെന്നു കൊതിച്ച ഒരുപിടി മോഹങ്ങളുണ്ടായിരുന്നു ഈ ഉമ്മാക്ക്. പക്ഷേ, നിങ്ങൾ മാത്രം പറന്നുയർന്നു. മോഹങ്ങൾ ഇവിടെ ഈ ചിറകിനടിയിൽ... മക്കളേ, ഇനി നമുക്കാകുമോ കൂടെയിരിക്കാൻ?"

ബാക്കി എഴുതാൻ അവൾക്ക് കഴിയുമായിരുന്നില്ല. ആ മാതൃഹൃദയം വല്ലാതെ തേങ്ങുന്നുണ്ടായിരുന്നു. പിറ്റേന്ന് മക്കൾ ഈ മെസേജ് വായിച്ചു; ആ ഉമ്മാന്റെ മരണവാർത്ത കേട്ടതിനു ശേഷം.

'ജനങ്ങളിൽ ഞാനേറ്റവും നന്നായി പെരുമാറേണ്ടത് ആരോട് എന്ന ചോദ്യത്തിന് നബി(സ്വ) മൂന്നു തവണയും മറുപടി കൊടുത്തത് നിന്റെ മാതാവിനോട് എന്നായിരുന്നു' - തൊട്ടടുത്ത മദ്റസയിൽ ഉസ്താദ് കുട്ടികളെ പഠിപ്പിച്ചുകൊണ്ടിരുന്നത് ഉമ്മയില്ലാത്ത ആ ശൂന്യമായ വീട്ടിലേക്ക് ഇളംകാറ്റിന്റെ അകമ്പടിയോടെ അരിച്ചെത്തി. ■



ശീഇസം - ഇസ്‌ലാം: ഒരു ദാർശനിക വിശകലനം 11

# ഇമാം പ്രവാചകനും മീതെയോ?

ഡോ. ടി. കെ. യൂസുഫ്
: 9349798262

സുന്നികളുടെയടുക്കൽ ഇമാം എന്നാൽ നേതാവ് എന്ന അർഥമാണുള്ളത്. എന്നാൽ ശിയാക്കളുടെ അടുക്കൽ ഇമാമത്ത് ദൈവികവും പ്രവാചകത്വത്തിന് സമാനവുമാണ്. അല്ലാഹു അവന്റെ അടിമകളിൽ നിന്നു ചിലരെ പ്രവാചകനായി തെരഞ്ഞെടുക്കുന്നതുപോലെ മറ്റു ചിലരെ ഇമാമത്തിനും തെരഞ്ഞെടുക്കുന്നുവെന്നാണ് അവരുടെ വിശ്വാസം. നബിയും ഇമാമും തമ്മിലുള്ള വ്യത്യാസം അവർ വിവരിക്കുന്നത് ഇപ്രകാരമാണ്: 'നബിമാരുടെയടുക്കൽ ജിബ്‌രീൽ ഇറങ്ങുകയും നബിമാർ അവരെ കാണുകയും അവരുടെ സംസാരം കേൾക്കുകയും ചെയ്യും. എന്നാൽ ഇമാം ജിബ്‌രീലിന്റെ സംസാരം കേൾക്കുമെങ്കിലും രൂപം കാണുകയില്ല.'

ഇമാമുമാർ നബിമാരെക്കാളും ഉയർന്ന പദവിയിലാണെന്ന് വാദിക്കുന്നവരും ശിയാക്കളിലുണ്ട്. ഇമാമുകൾക്ക് മുൻ പ്രവാച

**മുഹമ്മദ് ബിൻ അബ്ദുൽ വഹ്ഹാബ് ഖബ്ർ പൂജക്കെതിരെ സന്ധിയില്ലാ സമരം നടത്തിയതുകൊണ്ട് മുസ്‌ലിംകൾക്കിടയിൽ ഈ വിഷയത്തിൽ വാദപ്രതിവാദങ്ങളും മറ്റും അരങ്ങേറിയിട്ടുണ്ട്. പുണ്യം പ്രതീക്ഷിച്ച് ജാറം സന്ദർശിക്കുന്നതും ഖബ്റിലേക്കു നേർച്ച നേരുന്നതും മരിച്ചവരെ വിളിച്ചു പ്രാർഥിക്കുന്നതും ശിർക്കാണ് എന്ന് പ്രമാണങ്ങളുടെ പിൻബലത്തോടെ സമർഥിക്കാൻ ഈ വാഗ്വാദങ്ങൾ വഴിയൊരുക്കിയിട്ടുണ്ട്. അതിൽ ഗുണഫലം ഉണ്ടായിട്ടുമുണ്ട്.**

കന്മാർക്കു നൽകപ്പെട്ട ദൈവിക ദൃഷ്ടാന്തങ്ങളായ; മരിച്ചവരെ ജീവിപ്പിക്കുക, കുരുടന്മാർക്ക് കാഴ്ച നൽകുക, വെള്ളപ്പാണ്ടു സുഖപ്പെടുത്തുക പോലുള്ളവ നൽകുമെന്നും അവർക്ക് അദൃശ്യജ്ഞാനം അറിയാൻ കഴിയുമെന്നാണ് ശിയാക്കളുടെ വാദം. അതുപോലെ ഇമാമുകൾക്ക് അവരുടെ മരണം എപ്പോഴാണ് സംഭവിക്കുക എന്ന് അറിയുമെന്നും അവർ സ്വന്തം ഇഷ്ടപ്രകാരമല്ലാതെ മരണപ്പെടുകയില്ല എന്നും അവർ വാദിക്കുന്നു.

**'ഇമാമീ മക്ബ്ബറകളുടെ മഹത്ത്വം!'**

മുസ്‌ലിംകൾ അവരുടെ നമസ്കാരത്തിൽ തിരിഞ്ഞു നിൽക്കുന്നതും തീർഥാടനം നടത്തുന്നതും കഅ്ബയിലേക്കാണ്. എന്നാൽ ശിയാക്കൾക്ക് അല്ലാഹുവിന്റെ ഭവനത്തെക്കാൾ പോരിശയുള്ള ചില മസാറുകളും (സന്ദർശന സ്ഥലങ്ങളും) മക്ബ്ബറകളുമുണ്ട്. ശിയാക്കളിൽ കാണപ്പെടുന്ന ഖബ്ർ പൂജകർ അവരുടെ വിശ്വാസത്തിന്റെ ഭാഗം തന്നെയാണ്. സുന്നികളുടെ ഇടയിലുള്ള ഇത്തരം അന്ധവിശ്വാസങ്ങൾ ബോധവത്കരണത്തിലൂടെ വിപാടനം ചെയ്യാൻ കഴിഞ്ഞേക്കും. മുഹമ്മദ് ബിൻ അബ്ദുൽ വഹ്ഹാബിന്റെയും മറ്റു പരിഷ്കർത്താക്കളുടെയും പരിശ്രമംകൊണ്ട് മുസ്‌ലിം ലോകത്തുനിന്ന് ഇത്തരരം ശിർക്ക് ഒരളവോളം നിർമാർജനം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ശിയാക്കളുടെ ഇടയിലുള്ളത് മാറ്റണമെങ്കിൽ അവരുടെ വിശ്വാസത്തിന്റെ അടിത്തറതന്നെ മാറ്റേണ്ടിവരും.

മുഹമ്മദ് ബിൻ അബ്ദുൽ വഹ്ഹാബ് ഖബ്ർ പൂജക്കെതിരെ സന്ധിയില്ലാ സമരം നടത്തിയതുകൊണ്ട് മുസ്‌ലിംകൾക്കിടയിൽ ഈ വിഷയത്തിൽ വാദപ്രതിവാദങ്ങളും മറ്റും അരങ്ങേറിയിട്ടുണ്ട്. പുണ്യം പ്രതീക്ഷിച്ച് ജാറം സന്ദർശിക്കുന്നതും ഖബ്റിലേക്കു നേർച്ച നേരുന്നതും മരിച്ചവരെ വിളിച്ചു പ്രാർഥിക്കുന്നതും ശിർക്കാണ് എന്ന് പ്രമാണങ്ങളുടെ പിൻബലത്തോടെ സമർഥിക്കാൻ ഈ വാഗ്വാദങ്ങൾ വഴിയൊരുക്കിയിട്ടുണ്ട്. അതിൽ ഗുണഫലം ഉണ്ടായിട്ടുമുണ്ട്. എന്നാൽ ശിയാക്കളുമായുള്ള സംവാദങ്ങൾ കൊണ്ട് യാതൊരു ഫലവുമുണ്ടായിട്ടില്ല. കാരണം ശിയാക്കളുടെ അടുക്കൽ ശിർക്ക് സത്യത്തിന്റെ മൂടുപടമണിഞ്ഞിരിക്കയാണ്. ഇമാമുകളുടെ ഖബ്ർ സന്ദർശനത്തിന്റെ പുണ്യം പറയുന്ന ഒട്ടേറെ ഗ്രന്ഥങ്ങൾ ശിയാക്കൾ രചിച്ചിട്ടുമുണ്ട്.

ശിയാക്കളെ സംബന്ധിച്ചേടത്തോളം അവരുടെ ഇമാമുകളുടെ മക്ബ്ബറകൾ അവർക്ക് ഹറം (പവിത്രം) ആണ്. അതുകൊണ്ടുതന്നെ കൂഫയും കർബലയും ഖുമ്മുമെല്ലാം അവർക്ക് കഅ്ബയെപ്പോലെയാണ്. കൂഫ അല്ലാഹുവിന്റെയും റസൂലിന്റെയും അമീറുൽ മുഅ്മിനീന്റെയും ഹറമാണെന്നും അവിടെ നമസ്കരിക്കുന്നതിന് ആയിരം നമസ്കാരത്തിന്റെ ശ്രേഷ്ഠതയുണ്ടെന്നും ശിയാ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവരുടെ നേതാവായ മൂസ ബിൻ ജഅ്ഫറിന്റെ കിതാബിൽ ഇപ്രകാരം കാണാം: 'അല്ലാഹുവിന് ഒരു ഹറമുണ്ട്; അതു മക്കയാണ്. റസൂലിന് ഒരു ഹറമുണ്ട്; അതു മദീനയാണ്. അമീറുൽ മുഅ്മിനീന് ഒരു ഹറമുണ്ട്; അതു കൂഫയാണ്. നമുക്ക് ഒരു ഹറമുണ്ട്; അത് 'ഖുമ്മ്' ആണ്. അവിടെ എന്റെ മക്കളിൽപെട്ട ഫാത്വിമ എന്ന സ്ത്രീയെ മറവു ചെയ്യും. അരെങ്കിലും അവളെ സന്ദർശിച്ചാൽ അവന് സ്വർഗം നിർബന്ധമാകും.'

ഇമാമുകളുടെ ഖബ്റുകൾ

സന്ദർശിക്കുന്നതും അവരോടു പ്രാർഥിക്കുന്നതും അവിടെ നമസ്കരിക്കുന്നതും അവരോട് ശിപാർശ തേടുന്നതും ശിയാക്കളുടെ അടുക്കൽ ഹജ്ജ് ചെയ്യുന്നതിനെക്കാളും ശ്രേഷ്ഠതയുള്ള കാര്യമാണ്. ഹജ്ജ് ചെയ്തതിനുശേഷം ആഗ്രഹ സഫലീകരണം ലഭിക്കാത്തവരോട് ശിയാക്കൾ ഹുസൈന്റെ ഖബ്ർ സന്ദർശിക്കാനാണ് ഉപദേശിക്കാറുള്ളത്. 'ഹുസൈന്റെ ഖബ്ർ സന്ദർശിക്കുന്നത് ഇരുപതു ഹജ്ജ് ചെയ്യുന്നതിനെക്കാളും പുണ്യകരമാണ്. കർബലക്ക് മക്കയെക്കാളും പവിത്രതയുണ്ട്' എന്നെല്ലാം ഇവർ വിശ്വസിക്കുന്നു. അൽഫൈദ് അൽകാശാനി തന്റെ അൽവാഫി എന്ന ഗ്രന്ഥത്തിൽ പറയുന്നത് ഇപ്രകാരമാണ്: 'ആരെങ്കിലും അറഫദിവസം ഹുസൈന്റെ ഖബ്ർ സന്ദർശിക്കുകയാണെങ്കിൽ അല്ലാഹു അവന് പത്തുലക്ഷം ഹജ്ജിന്റെയും പത്തുലക്ഷം ഉംറയുടെയും പത്തുലക്ഷം അടിമകളെ മോചിപ്പിച്ചതിന്റെയും പത്തുലക്ഷം കുതിരകളെ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധത്തിന് സജ്ജമാക്കിയതിന്റെയും പ്രതിഫലം നൽകും.' അലി(റ)യുടെ ഖബ്റിടം അല്ലാഹുവും മലക്കുകളും അമ്പിയാക്കളും മുഅ്മിനുകളും സന്ദർശിക്കുമെന്നു പോലും പറയുന്നവരാണ് ശിയാക്കൾ!

ഇമാമുകളുടെ ഖബ്ർ സന്ദർശിക്കുന്നതിന്റെ മര്യദകൾ പഠിപ്പിക്കാനും ശിയാക്കൾ ഗ്രന്ഥരചന നടത്തിയിട്ടുണ്ട്. അബ്ബാസ് കുമ്മിയുടെ 'മനാസികു സിയാറാത്ത്' എന്ന ഗ്രന്ഥത്തിൽ പറയുന്നത് ഇപ്ര കാരമാണ്: 'ജാറത്തിൽ കടക്കുന്നതിനു മുമ്പായി കുളിക്കണം, അതിന്റെ കവാടത്തിൽ നിന്നുകൊണ്ട് നിശ്ചിത പ്രാർഥനകൾ ചൊല്ലി അനുവാദം ചോദിക്കണം. ശവക്കല്ലറയിൽ ചുംബിക്കണം. സന്ദർശന സമയത്ത് മക്ബറക്ക് അഭിമുഖമാകുകയും കഅ്ബക്ക് പിന്നിടുകയും ചെയ്യണം. പിന്നീടു രണ്ടു റക്അത്ത് നമസ്കരിക്കണം. ഖബ്റിലേക്ക് തിരിഞ്ഞു നമസ്കരിക്കുമ്പോൾ കഅ്ബക്ക് പിന്തിരിഞ്ഞ രൂപത്തിലാകുന്നതിൽ ഇളവു നൽകപ്പെട്ടിട്ടുണ്ട്. കാരണം ഇവിടെ ഇമാമിന്റെ ഖബ്റു തന്നെ കഅ്ബയായി പരിഗണിക്കപ്പെടുകയാണ് ചെയ്യുന്നത്.'

ഇസ്ലാം മതത്തിന്റെ അടിത്തറയിളക്കുന്ന കൊടിയ ശിർക്കായ ഇത്തരം ആചാരങ്ങളിലാണ് ശിയാക്കളുടെ വിശ്വാസം കെട്ടിപ്പൊക്കിയിട്ടുള്ളത്. പ്രസിദ്ധ ശീഈ ഗ്രന്ഥങ്ങളായ വസാഇൽ, വാഫി തുടങ്ങിയവയിൽ പരാമർശിച്ച ഇത്തരം കാര്യങ്ങൾ വായിക്കുന്നതിനു മുമ്പുതന്നെ ശൈഖുൽ ഇസ്ലാം ഇബ്നു തീമിയ്യ ശിയാക്കളെക്കുറിച്ച് പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ്: 'ഇവരുടെയടുക്കൽ മക്ബറ സിയാറത്ത് ചെയ്യുന്നത് ഹജ്ജിനെക്കാളും പുണ്യകരമാണ്. അതുപോലെ, ശിർക്ക് ആരാധനയെക്കാളും മഹത്ത്വമുള്ളതുമാണ്.' മേൽ ഗ്രന്ഥങ്ങൾ കൂടി വായിച്ചിരുന്നുവെങ്കിൽ അദ്ദേഹം ഇവരെക്കുറിച്ച് എന്തായിരിക്കും പറയുക!

പന്ത്രണ്ട് ഇമാമുമാർ അല്ലാത്തവരുടെ ഭരണം ഇവരുടെ ദൃഷ്ടിയിൽ ത്വാഗൂത്താണ്. നബി(സ്വ)ക്കു ശേഷം ഏറ്റവും ഉത്തമരായ അബൂബക്കർ(റ), ഉമർ(റ), ഉസ്മാൻ(റ) എന്നിവരും ഈ പട്ടികയിൽ തന്നെയാണ് ഉൾപ്പെടുന്നത്. ഇവർ ജീവിച്ചിരിക്കുമ്പോൾ മാത്രമല്ല, ഇവരുടെ മരണശേഷവും ഇവരെ അംഗീകരിക്കുന്ന ഭരണാധികാരികളെല്ലാം ത്വാഗൂത്തു തന്നെയാണത്രെ! ഇവരെ അംഗീകരിക്കുന്ന ഭരണാധികാരികൾക്കെതിരെയുള്ള സൈനിക നീക്കങ്ങൾ പോലും ഇവർക്ക് മതപരമായി ഒരു പുണ്യകർമമാണ്. കാരണം അതു ത്വാഗൂത്തിനെതിരെയുള്ള പോരാട്ടമാണല്ലോ!

ശഹാദത്ത്, നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ് എന്നിവയാണ് മുസ്ലിംകളുടെയടുക്കൽ ഇസ്ലാമിന്റെ പഞ്ചസ്തംഭങ്ങൾ. എന്നാൽ ശിയാക്കൾക്ക് 'വിലായത്ത്' എന്ന ഒരു നെടുംതൂണുകൂടിയുണ്ട്. വിലായത്ത് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പന്ത്രണ്ട് ഇമാമുകളുടെ നേതൃത്വമാണ്. ഇസ്ലാമിലെ അടിസ്ഥാന കാര്യങ്ങൾ നമസ്കാരം, നോമ്പ്, വിലായത്ത് എന്നിങ്ങനെ മൂന്നെണ്ണമാണ് എന്നും ചില ശിയാ വിഭാഗങ്ങൾ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഒരു മനുഷ്യൻ എത്രതന്നെ ആരാധനാകർമങ്ങൾ ചെയ്താലും അവൻ പന്ത്രണ്ടു ഇമാമുകളെ അംഗീകരിക്കാത്തവനാണെങ്കിൽ അവന്റെ കർമങ്ങൾ അല്ലാഹു സ്വീകരിക്കുകയില്ല എന്നതാണ് ശിയാ നിലപാട്. ഇമാമുകളിൽ ഒരാളെ അംഗീകരിക്കാത്തവൻ എല്ലാ പ്രവാചകന്മാരെയും അംഗീകരിച്ച് മുഹമ്മദ് നബിയെ മാത്രം അംഗീകരിക്കാത്തവനെപ്പോലെയാണ്. ഖബ്റിലെ ചോദ്യങ്ങളിൽ ഒന്ന് വിലായത്തിനെക്കുറിച്ചായിരിക്കും എന്നു പറയുന്ന ശിയാക്കൾ അലി(റ)യുടെ വിലായത്ത് അംഗീകരിക്കാത്തവൻ ബിംബാരാധകനു സമമാണ് എന്നുവരെ പറയുന്നവരാണ്!

*(തുടരും)*

ഭക്ഷണം തടഞ്ഞാൽ ശരീരം തളരും; വ്യാപാരം തടഞ്ഞാൽ ജീവിതം തകരും; സമൂഹത്തിൽനിന്ന് പുറത്താക്കിയാൽ മനസ്സു തളരും. അതായിരുന്നു അവരുടെ കണക്കുകൂട്ടൽ. പക്ഷേ, അവർ കണക്കുകൂട്ടാത്ത ഒന്നുണ്ടായിരുന്നു; വിശ്വാസത്തിന്റെ ശക്തി.

# ശിഅ്ബു അബീത്വാലിബ്: വിശ്വാസം വിശപ്പിനെ അതിജീവിച്ച മലഞ്ചെരിവ്

ഡോ. സി മുഹമ്മദ് റാഫി, ചെമ്പ്ര

ചരിത്രത്തിൽ ചില സ്ഥലങ്ങൾ വെറും സ്ഥലങ്ങളല്ല. അവ വേദനയുടെ സ്മാരകങ്ങളും വിശ്വാസത്തിന്റെ പരീക്ഷണശാലകളും മനുഷ്യന്റെ നിശ്ചയദാർഢ്യത്തിന്റെ അടയാളങ്ങളുമാണ്. മക്കയിലെ ശിഅ്ബു അബീത്വാലിബ് അത്തരമൊരു സ്ഥലമായിരുന്നു.

ഇസ്‌ലാമിന്റെ ആദ്യകാല ചരിത്രത്തിൽ, മുഹമ്മദ് നബി(സ്വ)യും അദ്ദേഹത്തിന്റെ കുടുംബവും ബനൂഹാശിമിലെയും ബനൂൽ മുത്ത്വലിബിലെയും അംഗങ്ങളും അനുഭവിച്ച ഏറ്റവും കഠിനമായ പരീക്ഷണങ്ങളുടെ വേദിയായിരുന്നു ഈ മലഞ്ചെരിവ്. വിശപ്പും ദാരിദ്ര്യവും സാമൂഹിക ബഹിഷ്കരണവും ഭീഷണിയും ഒറ്റപ്പെടലും ഒരുമിച്ചുവന്ന കാലഘട്ടം. എന്നാൽ അതേ മലഞ്ചെരിവ്, പ്രതിസന്ധിയുടെ നടുവിലും വിശ്വാസം മനുഷ്യനെ എങ്ങനെ താങ്ങിനിർത്തുന്നു എന്നതിന്റെ ചരിത്രപാഠമായി മാറി.



ഒരു സന്ദേശത്തെ നിശ്ശബ്ദമാക്കാനുള്ള ശ്രമം

മക്കയിൽ പ്രവാചകൻ(സ്വ) ഇസ്‌ലാമിന്റെ സന്ദേശവുമായി മുന്നോട്ടുവന്നപ്പോൾ, അതിനെ കേവലം ഒരു പുതിയ മതവിശ്വാസത്തിന്റെ പ്രഖ്യാപനമായി ക്വുറൈശികൾ കണ്ടില്ല. അവരുടെ സാമൂഹിക ഘടന യെയും അധികാരത്തെയും സാമ്പത്തിക താൽപര്യങ്ങളെയും വിഗ്രഹാരാധനയെ കേന്ദ്രീകരിച്ചിരുന്ന വ്യവസ്ഥയെയും ചോദ്യം ചെയ്യുന്ന ശക്തമായ സന്ദേശമായിരുന്നു അത്.

'അല്ലാഹുവല്ലാതെ ആരാധനയ്ക്ക് അർഹനില്ല' എന്ന ഏകദൈവവിശ്വാസത്തിന്റെ പ്രഖ്യാപനം മക്കയിലെ നിലവിലുള്ള അധികാരക്രമത്തിനു വലിയ വെല്ലുവിളിയായി.

ആദ്യഘട്ടത്തിൽ പരിഹാസം. പിന്നീടു ഭീഷണി. അതിനുശേഷം പീഡനങ്ങൾ. എന്നിട്ടും മുഹമ്മദ് (സ്വ) പിന്മാറിയില്ല. ഇസ്‌ലാമിലേക്ക് ആളുകൾ ഒഴുകിയെത്തിക്കൊണ്ടിരുന്നു. പ്രവാചകന്റെ അനുയാ യികളെ പീഡിപ്പിച്ചിട്ടും അദ്ദേഹത്തിന്റെ സന്ദേശം തടയാനായില്ല. ഒടുവിൽ ക്വുറൈശികൾ മറ്റൊരു മാർ ഗം സ്വീകരിച്ചു; മുഹമ്മദി(സ്വ) നെ സംരക്ഷിക്കുന്ന സാമൂഹികവലയത്തെ തന്നെ തകർക്കുക!

അവരുടെ കണക്കിൽ, പ്രവാചകനെ ഒറ്റപ്പെടുത്താനുള്ള ഏറ്റവും ഫലപ്രദമായ മാർഗം അദ്ദേഹത്തിന്റെ കുടുംബത്തെയും ഗോത്രത്തെയും ഒറ്റപ്പെടുത്തുകയായിരുന്നു. അങ്ങനെ ചരിത്രത്തിലെ കഠിനമായ ഒരു അധ്യായത്തിന് തുടക്കമായി.

**ബഹിഷ്കരണത്തിന്റെ കരാർ**

ക്വുറൈശി പ്രമുഖർ ഒരു കരാറിൽ ഒപ്പുവച്ചു. ബനൂഹാശിമിനെയും ബനൂൽ മുത്ത്വലിബിനെയും സാമൂഹികമായും സാമ്പത്തികമായും ഒറ്റപ്പെടുത്തുക എന്നതായിരുന്നു അതിന്റെ ലക്ഷ്യം: അവരുമായി വിവാഹബന്ധം സ്ഥാപിക്കരുത്. അവരുമായി വ്യാപാരം നടത്തരുത്. അവരുമായി ഇടപഴകരുത്. അവരോടു സൗഹൃദം പുലർത്തരുത്. മുഹമ്മദി(സ്വ) നെ കൈമാറുന്നതുവരെ അവരെ പൂർണമായി ബഹിഷ്കരിക്കുക.

മക്കയിലെ സാധാരണ സാമൂഹികജീവിതത്തിൽ നിന്ന് ഒരു കുടുംബസമൂഹത്തെ പൂർണമായി മുറിച്ചുമാറ്റാനുള്ള ശ്രമമായിരുന്നു അത്. ഒരു സമൂഹത്തെ തോൽപിക്കാൻ വാളുകൾ ആവശ്യമില്ലെന്ന് അവർക്ക് അറിയാമായിരുന്നു. ഭക്ഷണം തടഞ്ഞാൽ ശരീരം തളരും; വ്യാപാരം തടഞ്ഞാൽ ജീവിതം തകരും; സമൂഹത്തിൽനിന്ന് പുറത്താക്കിയാൽ മനസ്സു തളരും. അതായിരുന്നു അവരുടെ കണക്കുകൂട്ടൽ. പക്ഷേ, അവർ കണക്കുകൂട്ടാത്ത ഒന്നുണ്ടായിരുന്നു; വിശ്വാസത്തിന്റെ ശക്തി.

**ശിഅ്ബിലേക്കുള്ള യാത്ര**

മക്കയുടെ ചുറ്റുമുള്ള മലനിരകളിൽ സ്ഥിതിചെയ്തിരുന്ന ഒരു ഇടുങ്ങിയ താഴ്‌വയിലേക്കാണ് അവർ മാറിത്താമസിച്ചത്; അതായിരുന്നു ശിഅ്ബു അബീത്വാലിബ്. ഇന്നു നമുക്ക് 'അവർ ഒരു സ്ഥലത്തേക്ക് മാറിത്താമസിച്ചു' എന്നു പറയാൻ വളരെ എളുപ്പമാണ്. പക്ഷേ, ആ യാത്രയുടെ പിന്നിലെ യാഥാർഥ്യം ചിന്തിച്ചുനോക്കുക; സ്വന്തം വീടുകൾ വിട്ടുപോകണം. വ്യാപാരബന്ധങ്ങൾ നഷ്ടപ്പെടണം. സാധാരണ ഭക്ഷണം ലഭിക്കാതാകണം. മക്കയിലെ സാമൂഹികജീവിതത്തിൽനിന്ന് പൂർണമായി അകറ്റപ്പെടണം. കുട്ടികളുടെ ഭാവിയെക്കുറിച്ച് ആശങ്കപ്പെടണം!

എന്നിട്ടും പ്രവാചകന്റെ കൂടെ നിൽക്കാനുള്ള തീരുമാനത്തിൽ അവർ ഉറച്ചുനിന്നു. അതു വെറും കുടുംബബന്ധത്തിന്റെ പേരിലുള്ള ഒരു യാത്രയായിരുന്നില്ല. സത്യത്തിനൊപ്പം നിൽക്കാനുള്ള തീരുമാന മായിരുന്നു.

**വിശപ്പിന്റെ രാപകലുകൾ**

ശിഅ്ബിലെ ജീവിതം ദിവസങ്ങൾ കടന്നുപോകുന്തോറും കൂടുതൽ കഠിനമായി. ഭക്ഷണസാധനങ്ങൾ ലഭിക്കാതെ വന്നു. പുറത്തുനിന്ന് സാധനങ്ങൾ എത്തുന്നത് തടയപ്പെട്ടു. കുടുംബങ്ങൾ കടുത്ത ദാരിദ്ര്യത്തിലേക്കു നീങ്ങി.

ചരിത്രവിവരണങ്ങൾ ആ കാലത്തെ വിശപ്പിന്റെതീവ്രത നമ്മെ ബോധ്യപ്പെടുത്തുന്നു. ചിലപ്പോൾ ലഭിച്ചിരുന്ന ചെറിയ ഭക്ഷണസാധനങ്ങൾ പങ്കിട്ടുകഴിച്ചു. ചില സന്ദർഭങ്ങളിൽ മര ങ്ങളുടെ ഇലകളും മറ്റു ലഭ്യമായ വസ്തുക്കളും ആശ്രയിക്കേണ്ടിവന്നതായി ചരിത്രവിവരണങ്ങളിൽ കാണാം.

രാത്രിയുടെ നിശ്ശബ്ദതയിൽ കുഞ്ഞുങ്ങളുടെ വിശപ്പിന്റെ കരച്ചിലുയർന്നു. അവരുടെ കരച്ചിൽ കേൾക്കുമ്പോൾ ഹൃദയം തകരാത്ത മാതാപിതാക്കൾ ഉണ്ടായിരുന്നില്ല. പക്ഷേ, ആ മാതാപിതാക്കളുടെ മുന്നിൽ ഒരു വലിയ ചോദ്യം ഉണ്ടായിരുന്നു:

'വിശപ്പിനെ ഭയന്നു സത്യത്തെ ഉപേക്ഷിക്കണോ?'

അവർ നൽകിയ ഉത്തരം ചരിത്രം ഇന്നും ഓർമിപ്പിക്കുന്നു: 'വേണ്ട!'

**സമ്പന്നതയിൽനിന്ന് പട്ടിണിയിലേക്ക്**

ഈ പരീക്ഷണത്തിന്റെ ഏറ്റവും ഹൃദയസ്പർശിയായ മുഖങ്ങളിൽ ഒന്നാണ് ഖദീജ(റ)യുടെ ജീവിതം. മക്കയിലെ സമ്പന്നയും മാന്യയുമായ ഒരു വനിതയായിരുന്നു അവർ. ഇസ്‌ലാമിന്റെ സന്ദേശവുമായി മുഹമ്മദ്(സ്വ) മുന്നോട്ടുപോയപ്പോൾ, ഖദീജ(റ) തന്റെ സമ്പത്തും സൗകര്യങ്ങളും അദ്ദേഹത്തോടൊപ്പം പങ്കുവച്ചു. ശിഅ്ബിലെ ഉപരോധകാലത്ത് ആ സമ്പത്ത് എന്തായി? അത്

**മൂന്നു വർഷം എന്നത് കലണ്ടറിലെ ഏതാനും അക്കങ്ങളല്ല. ഒരു സമൂഹത്തിന്റെ മാനസി കാവസ്ഥയിൽ അത് അത്യന്തം ദൈർഘ്യമേറിയ പരീക്ഷണമാണ്. എന്നിട്ടും ആ പരീക്ഷണം അവരെ തകർത്തില്ല. കാരണം അവരുടെ മുന്നിൽ ഒരു വ്യക്തി മാത്രമല്ല ഉണ്ടായിരുന്നത്. ഒരു ദൗത്യമുണ്ടായിരുന്നു. ഒരു ലക്ഷ്യമുണ്ടായിരുന്നു. ഒരു വിശ്വാസമുണ്ടായിരുന്നു. അതിനുമപ്പുറം അല്ലാഹുവിലായിരുന്നു അവരുടെ പ്രതീക്ഷ.**

വിശപ്പകറ്റാനും ആവശ്യങ്ങൾ നിറവേറ്റാനും ചെലവഴിച്ചു. അവർക്ക് ഉപരോധത്തിന്റെ കഠിനത അനുഭവിച്ചുകൊണ്ട് ആ മലഞ്ചെരിവിൽ കഴിയേണ്ടിവന്നു. ഇത് സമ്പത്തിന്റെ യഥാർഥ അർഥത്തെക്കുറിച്ച് നമ്മെ പഠിപ്പിക്കുന്നു. സമ്പത്ത് മനുഷ്യനെ ഉയർത്തുന്നത് അതിന്റെ അളവുകൊണ്ടല്ല; അത് എവിടെ ചെലവഴിക്കുന്നു എന്നതുകൊണ്ടാണ്.

**അബൂത്വാലിബിന്റെ ത്യാഗം**

ഈ ചരിത്രത്തിൽ അബൂ ത്വാലിബിന്റെ പങ്കും മറക്കാനാവില്ല. മുഹമ്മദ് നബി(സ്വ)യെ സംരക്ഷിക്കാൻ അദ്ദേഹം തന്റെ ഗോത്രത്തിന്റെ ശക്തിയുപയോഗിച്ചു. സ്വന്തം കുടുംബത്തെയും ബന്ധുക്കളെയും കൂട്ടി ശിഅ്ബിൽ താമസിച്ചു. പ്രവാചകനെ സംരക്ഷിക്കാൻ സാമൂഹികവും രാഷ്ട്രീയവുമായ സമ്മർദങ്ങളെ നേരിട്ടു. സ്വന്തം ജീവിതസൗകര്യങ്ങൾ ഉപേക്ഷിച്ചു. ഒരു വ്യക്തിയെ സംരക്ഷിക്കാൻ ഒരു കുടുംബം തന്നെ പ്രതിസന്ധിയിലേക്ക് ഇറങ്ങിത്തിരിച്ച സംഭവമായിരുന്നു അത്. അതിനാൽ ശിഅ്ബ് അബീ ത്വാലിബിന്റെ കഥ മുഹമ്മദ്(സ്വ)യുടെ മാത്രം കഥയല്ല; അത് വിശ്വാസത്തെ സംരക്ഷിക്കാൻ ഒരുമിച്ചു നിന്ന ഒരു സമൂഹത്തിന്റെ കഥ കൂടിയാണ്.

**ഉപരോധം മൂന്നു വർഷം!**

ഈ ഉപരോധം മൂന്നു വർഷത്തോളം നീണ്ടുനിന്നതായാണ് ചരിത്രം. മൂന്നു വർഷം എന്നത് കലണ്ടറിലെ ഏതാനും അക്കങ്ങളല്ല. ഒരു കുട്ടിയുടെ ജീവിതത്തിൽ അതു വലിയൊരു കാലയളവാണ്. ഒരു കുടുംബത്തിന്റെ സാമ്പത്തിക ജീവിതത്തിൽ അത് ഒരു യുഗംപോലെയാണ്. ഒരു സമൂഹത്തിന്റെ മാനസി കാവസ്ഥയിൽ അത് അത്യന്തം ദൈർഘ്യമേറിയ പരീക്ഷണമാണ്. എന്നിട്ടും ആ പരീക്ഷണം അവരെ തകർത്തില്ല. കാരണം അവരുടെ മുന്നിൽ ഒരു വ്യക്തി മാത്രമല്ല ഉണ്ടായിരുന്നത്. ഒരു ദൗത്യമുണ്ടായിരുന്നു. ഒരു ലക്ഷ്യമുണ്ടായിരുന്നു. ഒരു വിശ്വാസമുണ്ടായിരുന്നു. അതിനുമപ്പുറം അല്ലാഹുവിലായിരുന്നു അവരുടെ പ്രതീക്ഷ.

*(അവസാനിച്ചില്ല)*

# സൂറ: അശ്ശുഅറാഅ്

## കവികൾ

(മക്കയിൽ അവതരിച്ചത്)

അധ്യായം 26

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

وَمَا أَهْلَكْنَا مِن قَرْيَةٍ إِلَّا لَهَا مُنذِرُونَ ﴿٢٠٨﴾

ذِكْرَىٰ وَمَا كُنَّا ظَالِمِينَ ﴿٢٠٩﴾

208. ഒരു രാജ്യത്തെയും നാം നശിപ്പിച്ചിട്ടില്ല; അതിന് താക്കീതുകാർ ഉണ്ടായിട്ടല്ലാതെ.

209. ഓർമപ്പെടുത്തുവാൻ വേണ്ടിയത്രെ അത്. നാം അക്രമം ചെയ്യുന്നവനായിട്ടില്ല.

*208,209). ഇവിടെ അവിശ്വാസികളെ നശിപ്പിച്ചതിലെ തന്റെ തികഞ്ഞ നീതിയെ കുറിച്ചാണ് അല്ലാഹു പറയുന്നത്. ഒഴികഴിവിന് അവസരം നൽകാതെ അല്ലാഹു ഒരു സമുദായത്തെയും ശിക്ഷിച്ചിട്ടില്ല. വ്യക്തമായ തെളിവുകളും കൊണ്ടുവന്ന് അവരെ ക്ഷണിക്കാൻ താക്കീതുകാരെ അയച്ചു. അവർ അവരെ സന്മാർഗത്തിലേക്കു ക്ഷണിച്ചു. നാശത്തെക്കുറിച്ചു മുന്നറിയിപ്പ് നൽകി. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെകുറിച്ച് അവരെ ഉൽബോധിപ്പിക്കുകയും ചെയ്തു. മുൻ സമുദായങ്ങൾ നശിപ്പിക്കപ്പെട്ടതിനെ കുറിച്ചും അനുഗ്രഹങ്ങളെ കുറിച്ചും അവരെ ഓർമിപ്പിച്ചു. (ഓർമപ്പെടുത്തുവാൻ വേണ്ടിയത്രെ അത്) ഓർമപ്പെടുത്താനും അവർക്കെതിരെ തെളിവുണ്ടാക്കാനും വേണ്ടിയാണത്. (നാം അക്രമം ചെയ്യുന്നവനായിട്ടില്ല) ഒരു വിഭാഗത്തിന് മുന്നറിയിപ്പ് നൽകുന്നതിനു മുമ്പ് അവരെ ശിക്ഷിക്കുകയുണ്ടായിട്ടില്ല. താക്കീതിനെ കുറിച്ച് അവർ അശ്രദ്ധരായിരിക്കെയും അവരെ ശിക്ഷിച്ചിട്ടില്ല. അതാണ് അല്ലാഹു പറഞ്ഞത്:*

وَمَا كُنَّا مُعَذِّبِينَ حَتَّىٰ نَبْعَثَ رَسُولًا

*"ഒരു ദൂതനെ അയക്കുന്നതുവരെ നാം ശിക്ഷിക്കുന്നതും അല്ല" (17:15)*

رُّسُلًا مُّبَشِّرِينَ وَمُنذِرِينَ لِئَلَّا يَكُونَ لِلنَّاسِ عَلَى اللَّهِ حُجَّةٌ بَعْدَ الرُّسُلِ

*"സന്തോഷവാർത്ത അറിയിക്കുന്നവരും താക്കീതു നൽകുന്നവരുമായ ദൂതന്മാരായിരുന്നു അവർ. ആ ദൂതന്മാർക്കു ശേഷം ജനങ്ങൾക്ക് അല്ലാഹുവിനെതിരിൽ ഒരു ന്യായവും ഇല്ലാതിരിക്കാൻ വേണ്ടിയാണത്"(4:165).*

وَمَا تَنَزَّلَتْ بِهِ الشَّيَاطِينُ ﴿٢١٠﴾

وَمَا يَنبَغِي لَهُمْ وَمَا يَسْتَطِيعُونَ ﴿٢١١﴾

إِنَّهُمْ عَنِ السَّمْعِ لَمَعْزُولُونَ ﴿٢١٢﴾

210. ഇതുമായി (ക്വുർആനുമായി) പിശാചുക്കൾ ഇറങ്ങി വന്നിട്ടില്ല.

211. അതവർക്ക് അനുയോജ്യമാവുകയുമില്ല. അതവർക്ക് സാധിക്കുന്നതുമല്ല.

212. തീർച്ചയായും അവർ (ദിവ്യസന്ദേശം) കേൾക്കുന്നതിൽ നിന്ന് അകറ്റപ്പെട്ടവരാകുന്നു.

*210-212). ക്വുർആനിന്റെ സമ്പൂർണതയും മഹത്ത്വവും എടുത്തുപറഞ്ഞ് എല്ലാ ന്യൂനതകൾക്കും അതീതമാണെന്ന് പ്രഖ്യാപിക്കുകയും അത് അവതരിച്ച സമയത്തും ശേഷവും ജിന്നുകളിലും മനുഷ്യരിലും പെട്ട പിശാചുക്കളിൽനിന്നും അതിനെ സംരക്ഷിച്ചു എന്ന് നമ്മോട് പറയുകയും ചെയ്യുന്നു. (ഇതുമായി -ക്വുർആനുമായി-പിശാചുക്കൾ ഇറങ്ങി വന്നിട്ടില്ല. അത് അവർക്ക് അനുയോജ്യമാവുകയും ഇല്ല) അത് അവർക്ക് അനുയോജ്യമല്ല. അത് അവരുടെ കഴിവിൽ പെട്ടതുമല്ല. (തീർച്ചയായും അവർ കേൾക്കുന്നതിൽനിന്ന് അകറ്റപ്പെട്ടവരാകുന്നു) അവരെ അതിൽനിന്ന് അകറ്റിനിർത്തി. അത് സംരക്ഷിക്കാൻ നക്ഷത്രങ്ങളെ സജ്ജമാക്കി. മലക്കുകളിൽ ഏറ്റവും ശക്തനായ ജിബ്‌രീലിലൂടെ അതിനെ ഇറക്കി. പിശാചിന് അതിന്റെ പരിസരത്തു വരാനോ സമീപിക്കാനോ കഴിയില്ല. അതാണ് അല്ലാഹു പറഞ്ഞത്:*

إِنَّا نَحْنُ نَزَّلْنَا الذِّكْرَ وَإِنَّا لَهُ لَحَافِظُونَ

*"തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്" (ഹിജ്ർ 9).*

فَلَا تَدْعُ مَعَ اللَّهِ إِلَٰهًا آخَرَ فَتَكُونَ مِنَ الْمُعَذَّبِينَ ﴿٢١٣﴾

213. ആകയാൽ അല്ലാഹുവോടൊപ്പം മറ്റൊരു ദൈവത്തെയും നീ വിളിച്ചു പ്രാർഥിക്കരുത്. എങ്കിൽ നീ ശിക്ഷിക്കപ്പെടുന്നവരുടെ കൂട്ടത്തിലായിരിക്കും.

*213). ഇവിടെ ഒന്നാമതായി അല്ലാഹു തന്റെ ദൂതനെയും അദ്ദേഹത്തെ അനുഗമിക്കുന്ന സമുദായത്തെയും വിരോധിക്കുന്നത് അല്ലാഹുവല്ലാത്ത മറ്റേതൊരു സൃഷ്ടിയെയും ആരാധിക്കുന്നതിൽ നിന്നാണ്. കാരണം അത് ശിക്ഷയെ അനിവാര്യമാക്കുന്നതും നിത്യമാക്കുന്നതുമാണ്. കാരണം അതു ശിർക്കാണെന്നതുതന്നെ.*

إِنَّهُ مَن يُشْرِكْ بِاللَّهِ فَقَدْ حَرَّمَ اللَّهُ عَلَيْهِ الْجَنَّةَ وَمَأْوَاهُ النَّارُ ۖ وَمَا لِلظَّالِمِينَ مِنْ أَنصَارٍ

*"അല്ലാഹുവോടു വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലം ആയിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല എന്നാണ്" (5:72).*

*ഒരു കാര്യത്തെ വിരോധിക്കുമ്പോൾ, അതിന്റെ വിപരീതമെടുക്കുമ്പോൾ അതിൽ ഒരു കൽപന അടങ്ങിയിരിക്കും. ശിർക്കിനെ നിരോധിക്കുമ്പോൾ അല്ലാഹുവിനെ മാത്രം ആരാധിക്കണം എന്നും അവനിൽ പങ്കുചേർക്കരുത് എന്നും സ്നേഹവും ഭയവും പ്രതീക്ഷയും കീഴ്പ്പെടലും എല്ലാം അവനു മാത്രമായിരിക്കണം എന്നും പറയും.*

وَأَنذِرْ عَشِيرَتَكَ الْأَقْرَبِينَ ﴿٢١٤﴾

214. നിന്റെ അടുത്ത ബന്ധുക്കൾക്കു നീ താക്കീതു നൽകുക.

*214). നബി(സ്വ)യുടെ മനസ്സിന്റെ പൂർണതക്കാവശ്യമായ നിർദേശങ്ങൾ നൽകിയപ്പോൾ മറ്റുള്ളവരെക്കൂടി പരിപൂർണതയിൽ എത്തിക്കാനുള്ള നിർദേശവും നൽകുന്നു: (നിന്റെ അടുത്ത ബന്ധുക്കൾക്കു നീ താക്കീതു നൽകുക) അവർ ജനങ്ങളിൽ നിനക്ക് ഏറ്റവും അടുത്തവരാണ്. ഭൗതികവും മതപരവുമായ നന്മ ചെയ്തുകൊടുക്കാൻ ഏറ്റവും കടപ്പെട്ടവർ. ജനങ്ങളെ മുഴുവൻ താക്കീതു ചെയ്യണം എന്നതിന് എതിരല്ല ഈ കൽപന. ജനങ്ങൾക്കു മുഴുവൻ നന്മ ചെയ്യണം എന്ന് പറഞ്ഞതിനു ശേഷം നിന്റെ ബന്ധുക്കൾക്ക് നന്മ ചെയ്യണം എന്നു പറയുന്നത് അക്കാര്യം ഉറപ്പിച്ചു പറയാനും കൂടുതൽ പ്രേരണ നൽകാനും വേണ്ടിയാണ്. ഈ ദൈവിക കൽപന പ്രവാചകൻ(സ്വ) നിറവേറ്റി. മറ്റു ക്വുറൈശി ഗോത്രങ്ങളെ നബി(സ്വ) ക്ഷണിച്ചു. പൊതുവായും ഓരോരുത്തരെ പ്രത്യേകമായും ക്ഷണിച്ചു. അവരെ ഉൽബോധിപ്പിച്ചു. അവരെ സന്മാർഗത്തിലെത്തിക്കാൻ തന്നെക്കൊണ്ട് കഴിയാവുന്നതൊന്നും അദ്ദേഹം ചെയ്യാതിരുന്നിട്ടില്ല. സന്മാർഗം സ്വീകരിച്ചവൻ സന്മാർഗത്തിലായി. തിരിഞ്ഞുകളഞ്ഞവൻ തിരിഞ്ഞുകളഞ്ഞവനുമായി.*

# കുടുംബം

ഷാനിബ എ.സി, വടക്കേക്കാട്



കൂടുമ്പോൾ ഇമ്പമുള്ളതാവണം കുടുംബം
കൂടണയുമ്പോൾ ആശ്വാസമാവണം കുടുംബം
കൂടുവിട്ടോടാതെ കൂടെ നിന്നീടുവാൻ
കൂടെയുണ്ടെന്നാരു ബോധ്യമുണ്ടാക്കണം

ആദ്യത്തെ പാഠശാലയാവണം കുടുംബം
മാതാപിതാക്കളോ മാതൃകയാവണം
മതബോധമാദ്യം അവരിലുണ്ടാവണം
അവ്വിധം മക്കളെ പോറ്റിവളർത്തണം.

കളികളും കാര്യവും കരുണയും കരുതലും
ഒരുമിക്കും അഴകുള്ള പൂന്തോട്ടമാക്കണം
ഉപ്പയാ തോട്ടത്തിൻ കാവലാളാവണം
കരുതലിൻ വേലികൾ ചുറ്റിലും കെട്ടണം.

ബന്ധത്തിൻ വേരുകൾ ആഴ്ന്നിറങ്ങീടുവാൻ
ഹൃദയമാം മണ്ണിനെ പാകപ്പെടുത്തണം
പകയുടെ പാഴ്ച്ചെടി മുളയിലേ നുള്ളണം
സ്നേഹത്തിൻ വിത്തുകൾ പകരം വിതക്കണം.

വളരുവാൻ വാത്സല്യം വളമായി നൽകണം
തളരുന്നവർക്കതിൽ തണലതുണ്ടാവണം
വളർച്ചക്കു വിനയത്തിൻ പന്തലൊരുക്കണം
വീഴ്ചകൾക്കു ക്ഷമകൊണ്ട് താങ്ങുനൽകീടണം.

വിട്ടുവീഴ്ചകൾകൊണ്ടു വിടവുകൾ നികത്തണം
ദുർബലർക്ക് പടരുവാൻ തായ്മരമാവണം
സൂക്ഷ്മതയോടെ നാം പരിചരിച്ചീടുകിൽ
സ്വർഗപ്പൂന്തോപ്പിലും ഒന്നിച്ചണഞ്ഞിടാം.

സ്രഷ്ടാവിൻ പാശം മുറുകെപ്പിടിക്കണം
ശിർക്കിൻ കവാടങ്ങൾ കൊട്ടിയടക്കണം
ഇതിലൊട്ടും വീഴ്ച വരുത്താതിരിക്കണം
ഇഹലോകം ശാശ്വതമല്ലെന്നതോർക്കണം.


Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

WISDOM students

wisdomstudents

# ഇനി ടീൻസ്പേസ് കാലം

## 2026 ഒക്ടോബർ- നവംബർ

## teenspace

Higher Secondary Students Conference

#teenspace

Wisdom Students Kerala State Committee

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 03 October 2026
Posting at RMS Kozhikode

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

WISDOM YOUTH

wisdom youth

# KERALA TEACHERS CONFERENCE 5.0

Nurturing Humanity

**11**
**2026 OCTOBER SUNDAY**
**9:00AM**

TAJ CONVENTION CENTRE

# CHEMMAD

TO REGISTER

WISDOM ISLAMIC YOUTH ORGANIZATION KERALA
CV COMPLEX, PV SWAMI ROAD, CALICUT - 2